## അദ്ധ്യായം – രണ്ട്

# പരിസ്ഥിതി

## 2.00.

പ്രകൃതി പരസ്പരബന്ധമില്ലാത്ത സർവ്വതന്ത്രസ്വതന്ത്രങ്ങളായ കുറേ വസ്തുക്കളുടെ സമാഹാരമല്ല, മറിച്ച് പരസ്പരം സജീവമായി ഇടപെട്ടും ആശ്രയിച്ചും നിലനിൽക്കുന്ന ഒട്ടേറെ രൂപങ്ങളുടെ സമവായമാണ്. പാരസ്പര്യമാണ് പ്രകൃതിയുടെ ജീവൻ. മനുഷ്യന്റെ വിവേചനാധിഷ്ഠിതവും സാപേക്ഷവുമായ ചിന്തകളെ അതിതരണം ചെയ്യുന്നതാണ് പ്രകൃതി. നിർവ്വചനങ്ങളിലൂടെ ക്ലിപ്തപ്പെടുത്താനാകില്ലെങ്കിലും മനനങ്ങളിലൂടേയും ധ്യാനങ്ങളിലൂടേയും അറിഞ്ഞ ഈ പ്രതിഭാസത്തെ മനുഷ്യൻ പല രീതിയിൽ വിശദീകരിക്കുന്നുണ്ട്.

ഋഗ്വേദത്തിലെ സൃഷ്ടിഗീതം പ്രകൃതി രഹസ്യങ്ങളിലേയ്ക്കുള്ള അന്വേഷണമാണ്.

> *"അന്നു മരണമോ അമരത്വമോ ഇല്ല, രാത്രിയും പകലും വ്യത്യാസമില്ല. സ്വാശ്രിതമായ ശക്തിയാൽ ശ്വസിച്ചു. അതിൽ നിന്നന്യമായി യാതൊന്നുമുണ്ടായിരുന്നില്ല''* [1]

ചരാചരങ്ങൾ നിലനിൽക്കുന്ന ഇടത്തെ തൈത്തരീയോപനിഷത്ത് വിശദീകരിക്കുന്നത്.

> *ഈ ജീവജാലങ്ങളെല്ലാം ഉദ്ഭവിച്ചത് യാതൊന്നിൽ നിന്നാണോ ജനിച്ചവയെല്ലാം യാതൊന്നിന്റെ സഹായത്തോടു കൂടിയാണോ ജീവിക്കുന്നത്, പ്രളയകാലത്തിൽ യാതൊന്നിലേയ്ക്കാണോ തിരിച്ചുപോകുന്നത്. അതാണ് ബ്രഹ്മം* [2] എന്നാണ്. കഠോപനിഷത്തിൽ

*ആദിസത്തയേക്കാൾ ഉത്കൃഷ്ടമാണ് പ്രകൃതി"* [3] എന്നു പറയുന്നു.

ഉപനിഷത്തുകളിലും വേദങ്ങളിലും പുരാണങ്ങളിലും പ്രത്യക്ഷപ്പെടുന്ന പ്രകൃതി ഉദാത്തമായ ഒരേ പ്രപഞ്ചതാളത്താൽ സ്പന്ദിക്കുന്നതും പരമമായ ഒരേ ചൈതന്യത്തിൽ സ്ഫുരിക്കുന്നതുമായ, ചെടികളുടേയും മരങ്ങളുടേയും ജീവരാശികളുടേയും പഞ്ചഭൂതങ്ങളുടേയും സാകല്യമാണ്. ഇത്തരമൊരു അവബോധം, പ്രകൃതിയിലെ ഓരോ ഘടകത്തിനും പരസ്പരംഉണ്ടാകേണ്ട ആദരവിനെക്കുറിച്ച് ഓർമ്മിപ്പിക്കുന്നു.

പ്രകൃതിയെക്കുറിച്ചുള്ള ഹൈന്ദവദർശനങ്ങൾ സ്വാമി വിവേകാനന്ദൻ ഇങ്ങനെ സംഗ്രഹിക്കുന്നു.

> *"പ്രകൃതി ഏകരൂപമാണ്. അഭിവ്യക്തിയിലാണ് വ്യത്യാസം. പ്രകൃതി എന്ന സംസ്കൃതവാക്കിന്റെ വാച്യമായ അർത്ഥം വൈചിത്ര്യം എന്നാണ്. ഏകവസ്തു അനേകവിധത്തിൽ അഭിവ്യക്തമാകുന്നതാണ് പ്രകൃതി".* [4]

ക്രമാനുഗതമായി പരിണമിച്ചുണ്ടായ പ്രതിഭാസമാണ് സംഖ്യദർശനത്തിലെ പ്രകൃതി. പ്രകൃതിക്കു സത്വം, രജസ്സ്, തമസ്സ് എന്നീ മൂന്നു ഗുണങ്ങളും ഇവർ കല്പിക്കുന്നു. ബുദ്ധി, അഹം, ബോധം, മനസ്സ്, പഞ്ചേന്ദ്രിയങ്ങൾ, അഞ്ച് തന്മാത്രകൾ, പഞ്ചഭൂതങ്ങൾ, പുരുഷൻ എന്നിവയെല്ലാം പ്രകൃതിയിൽ നിന്ന് ഉരുത്തിരിഞ്ഞ് വന്നതായി സംഖ്യമതം വിശ്വസിക്കുന്നു.

ജൈനദർശനമനുസരിച്ച് പ്രപഞ്ചത്തെ, ജീവനുള്ളതും ഇല്ലാത്തതും എന്നു രണ്ടായി വിഭജിക്കുന്നു. ഇവ രണ്ടും ശാശ്വതവും സ്വതന്ത്രവുമാണ്, പരസ്പരം ബന്ധിതവുമാണ്. ഓരോ ജീവിയും ഓരോ ആത്മാവാണ്. പക്ഷേ ആത്മാവിനു അജീവവസ്തുക്കളുമായി ബന്ധപ്പെട്ടുകൊണ്ടേ നിലനിൽക്കാനാകൂ. അതുകൊണ്ട് ജീവവസ്തുവെ അറിയാൻ അജീവവസ്തുവും ജഡവസ്തുവെ അറിയാൻ ജീവവസ്തുവും പ്രധാനമാകുന്നു. പ്രപഞ്ചത്തെപ്പറ്റിയുള്ള ശരിയായ ജ്ഞാനം-സമ്യക് ജ്ഞാനം– ശരിയായ ജീവിതനിർവ്വഹണത്തിന് അനുപേക്ഷണീയമാണെന്നു ജൈനമതം ഓർമ്മപ്പെടുത്തുന്നു.

ബൈബിൾ ദൈവത്തെ സ്രഷ്ടാവായും പ്രപഞ്ചത്തെ സൃഷ്ടിയായും കാണുന്നു. ദൈവികചൈതന്യത്തിന്റെ വികാസമേഖലയാണ് പ്രപഞ്ചം. പരമചേതനയിൽ നിന്നു വിടരുന്ന

ഒന്നാണ് ബുദ്ധമതത്തിനു പ്രകൃതി. പ്രകൃതിയിലെ സകലതിലും ഈ ചൈതന്യം നിറയുകയും ചെയ്യുന്നു. ഇസ്ലാം മതത്തിൽ അല്ലാഹുവിന്റെ സമ്പൂർണ്ണ ആധിപത്യത്തിലുള്ള, അല്ലാഹുവിന്റെ പരമകാരുണ്യത്തിന്റെ സാക്ഷ്യമാണ് പ്രകൃതി. ഇങ്ങനെ മതചിന്തകളിൽ പ്രകൃതി സദാത്മകമായ അലൗകിക ചൈതന്യരൂപമാണ്.

## 2.1. പ്രകൃതിയും മനുഷ്യനും

പ്രകൃതിയെ നിർവ്വചിച്ച മതചിന്തകളെല്ലാം പ്രകൃതിയിലെ ഈശ്വര സാന്നിധ്യത്തിലാണ് ഊന്നുന്നത്. ഇതിൽ മനുഷ്യന്റെ സ്ഥാനം എന്തെന്ന് ഇവ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്.

വേദങ്ങളും ഉപനിഷത്തുക്കളും പ്രകൃതിയിലെ എല്ലാ ഘടകങ്ങളേയും സമഭാവനയോടെയാണ് കാണുന്നത്. മനുഷ്യൻ ഒന്നിൽ നിന്നും വിഭിന്നനോ ഉത്കൃഷ്ടനോ അല്ല.

*"മിത്രസ്യ ചക്ഷുഷാ സമീക്ഷാമഹേ"*[5]

സുഹൃത്തിന്റെ കണ്ണുകൾ കൊണ്ട് നമുക്ക് പരസ്പരം കാണാം എന്ന വേദസൂക്തം മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തിന്റെ ആത്മീയാർത്ഥം വ്യക്തമാക്കുന്നു. മിത്രൻ സൂര്യനാണ്. പ്രപഞ്ചത്തിലെ ജീവജാലങ്ങൾക്കെല്ലാം ജീവനും പ്രകാശവും നൽകുന്ന സൂര്യന്റെ കണ്ണുകൊണ്ട് എല്ലാത്തിനേയും കാണുക, സ്നേഹിക്കുക, വളർത്തുക-ഈ സമദർശനത്തിൽ വസ്തുക്കൾ വസ്തുക്കളല്ലാതാകും. ഒരേയൊരു ആത്മബോധത്തിന്റെ ഭാവരൂപങ്ങളായി അനുഭവപ്പെടുകയും ചെയ്യും. പ്രകൃതി ഘടകങ്ങളോട് പുലർത്തേണ്ട ഈ സമഭാവനയാണ് വേദങ്ങളിലെ പരിസ്ഥിതി വീക്ഷണം.

*"മാനുഷം എല്ലാ ജീവജാലങ്ങൾക്കും മധുവാണ്.*

*എല്ലാ ജീവജാലങ്ങളും മാനുഷത്തിനു മധുവാണ്".*[6]

എന്നു ബൃഹദാരണ്യകോപനിഷത്തും

*"എല്ലാ വസ്തുക്കളെയും ആത്മസത്തയിൽ കാണുക, ആത്മത്തെ എല്ലാത്തിലും കാണുക- ഈ സമദർശനം സിദ്ധിച്ചാൽ ഒന്നിനേയും നിന്ദിക്കാൻ സാധിക്കുകയില്ല. ശോകമോഹങ്ങളിൽ നിന്നു വിമുക്തനാകുകയും ചെയ്യും"*[7]

എന്ന് ഈശോപനിഷത്തും പറയുന്നു.

പരിണാമചരിത്രത്തിൽ മേൽസ്ഥാനത്തുള്ള മനുഷ്യകുലത്തെ പ്രകൃതിയിലെ ഇതര ജീവ രൂപങ്ങളിൽ നിന്നു വ്യതിരിക്തമായി വേദങ്ങൾ കാണുന്നില്ല. വൈഷ്ണവപാരമ്പര്യം ഈ ജൈവപരിണാമത്തെ ഈശ്വരന്റെ അവതാരപരമ്പരയായി പ്രതീകാത്മകമായി വിവരിക്കുന്നു. മത്സ്യത്തിലാരംഭിച്ച് മറ്റ് ജീവിരൂപങ്ങളിലൂടെ മനുഷ്യനിലെത്തുന്ന ഈ അവതാരകഥകൾ മനുഷ്യന്റെ നിസ്സാരതയെ ഓർമ്മിപ്പിക്കുന്നു. മറ്റ് ജീവികളെ നിയന്ത്രിക്കാവുന്ന രീതിയിൽ പൂർണ്ണരൂപിയല്ല മനുഷ്യജന്മം.

സാംഖ്യദർശനത്തിൽ പ്രകൃതിയും പുരുഷനും ഭൗതികപദാർത്ഥവും ആത്മാവും ആണ്. രണ്ടും അനാദിയും ശാശ്വതവുമാണ്. എന്നാൽ പ്രകൃതിയേക്കാൾ പുരുഷൻ അപ്രധാന മാണ്, ഉദാസീനമാണ്, നിഷ്ക്രിയവുമാണ്. പ്രകൃതിയിൽ നിന്നുണ്ടായ ഭൗതിക ഘടകങ്ങ ളുടെ സഹായമില്ലാതെ അവനു വർത്തിക്കുവാനാകില്ല. പ്രകൃതിയാണ് പ്രധാനം.

ക്രൈസ്തവമതം, സ്രഷ്ടാവിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനു ഷ്യനെ ഏറ്റവും ഉദാത്തമായ സൃഷ്ടിയായി കാണുന്നു. മനുഷ്യനു ഭക്ഷണമാകാൻ സസ്യ ങ്ങളേയും മനുഷ്യനു ശക്തി നൽകാൻ അപ്പവും തേയ്ക്കാൻ എണ്ണയും സൃഷ്ടിച്ചതായി സങ്കീർത്തനത്തിൽ പറയുന്നുണ്ട്.

ഈ ദർശനത്തിലൂടെ മനുഷ്യനു മറ്റുള്ളവയിൽ നിന്നു വിഭിന്നമായി ലഭിക്കുന്ന ഔന്ന ത്യചിന്തയാണ്, പ്രകൃതി തനിക്കധീനമാണെന്ന മാനവചിന്തയ്ക്കു പ്രാരംഭവും ഉദ്ദീപകവു മായതെന്ന പക്ഷമുണ്ട്. ഖുറാനിലും സമാനമായ പ്രസ്താവങ്ങൾ കാണാം. മനുഷ്യനും അവന്റെ കന്നുകാലികൾക്കും വേണ്ടി നീരുറവയും മേച്ചിൽ സ്ഥാനങ്ങളുമെല്ലാം ഉൽപാദി പ്പിച്ചു എന്ന് ഇതിൽ പറയുന്നു.

ഈ പരാമർശങ്ങളെ മുൻനിർത്തി ഈ മതചിന്തകൾ മനുഷ്യനു പ്രകൃതിയുടെ മേൽ അധികാരവും അധീശത്വവും നൽകി എന്നു തീർത്ത് പറയുന്നത് ശരിയല്ല. ഈശ്വരകാരു ണ്യത്തിന്റെ പ്രതിഫലനമായാണ് ഇവ ഉദ്ധരിക്കപ്പെട്ടിരിക്കുന്നത്. പ്രകൃതിയിലെ ചരാചര ങ്ങളോട് സഹവർത്തിത്വത്തിൽ പുലരുവാൻ ഇതേ മതങ്ങൾ തന്നെ അനുശാസിക്കുന്നുണ്ട്.

*"സ്വർഗ്ഗീയ പിതാവ് കരുണാമയനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരാകുക".*[8]

*"ഭൂമി ദൈവത്തിന്റേതാണ്, മനുഷ്യൻ ഭൂമിയിലെ കുടികിടപ്പുകാർ മാത്രം".*[9]

*"സൂര്യനും ചന്ദ്രനും ഒരു വ്യവസ്ഥയിലാണുള്ളത്. നക്ഷത്രങ്ങളും വൃക്ഷങ്ങളും അല്ലാഹുവിനെ നമിക്കുന്നു. ആകാശത്തെ ഉയർത്തുകയും സന്തുലിതാവസ്ഥ സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ ആ സന്തുലിതാവസ്ഥയെ ലംഘിക്കരുത്".*[10]

മനുഷ്യർ തമ്മിലുള്ള മാതൃപിതൃ സഹോദരാദി ബന്ധങ്ങളിലൂടെ പ്രകൃതിയെ ദർശിക്കുവാനാണ് മിക്ക മതങ്ങളും അനുശാസിക്കുന്നത്. ഷിന്റോ, ബുദ്ധ, ജൈന, യഹൂദ മതസിദ്ധാന്തങ്ങൾ ഇതിനു തെളിവാണ്.

മനുഷ്യനിൽ താൻ സമസ്തചരാചരങ്ങളോടും ബദ്ധനാണ് എന്ന നമ്രതാബോധം ഉണ്ടാക്കുന്നതാണ് ഈ മതദർശനങ്ങൾ. മതം- Religion എന്ന പദത്തിന്റെ ലാറ്റിൻ മൂലം 'Religare' എന്നാണ്. ഈ പദത്തിന്റെ അർത്ഥം ശക്തമായി ബന്ധിക്കുക എന്നാണ്. മതം വ്യക്തിയും പ്രപഞ്ചവും തമ്മിലുള്ള ചാർച്ചയുടെ സൂചകമാകുന്നു. മതം പ്രകൃതിയും മനുഷ്യനും തമ്മിലുള്ള സംയോഗവുമാകുന്നു. ഇങ്ങനെ നിരീക്ഷിക്കുമ്പോൾ പ്രകൃതിചിന്ത ഒരർത്ഥത്തിൽ ആധ്യാത്മികമാണ്. ഋഷിസങ്കല്പത്തിലെ ചിദാകാശ പരികല്പനയും ലോകത്തെ, നിത്യം ജ്വലിക്കുന്ന അഗ്നിയായി കാണുക എന്ന ഹെറാക്ലിറ്റയൻ സങ്കല്പവും അനാക്സിമാൻഡറുടെ അമേയതാ സങ്കല്പവും സെന്റ് ഫ്രാൻസിസിന്റെ പരിസ്ഥിതി ചിന്തകളും ആധ്യാത്മികതയുടെ തലത്തിലാണ് അഭിരമിക്കുന്നത്. സമുന്നതമായ നന്മ, മനസ്സും പ്രകൃതിയും തമ്മിലുള്ള സംയോഗത്തെക്കുറിച്ചുള്ള അറിവാണെന്ന് സ്പിനോസ ഉദ്ബോധിപ്പിക്കുന്നു. ഭൂമിയുടെ ജൈവഘടന, അന്തരീക്ഷത്തിലെ രാസപദാർത്ഥങ്ങളുടെ തോത്, ഉപരിതലത്തിലെ ഊഷ്മാവ് ഇവയെല്ലാം സ്പന്ദിക്കുന്ന ഒരാത്മാവിനെ ഓർമ്മപ്പെടുത്തുന്നു. ഭൂമി പകരുന്ന അറിവുകൾ ശൃംഖലിതമാണ്. ഇവ പ്രജ്ഞയെ അനുഭൂതിയോടും ബഹിർവൃത്തിയെ അന്തർവൃത്തിയോടും ഐഹികതയെ ആത്മീയതയോടും സംയോജിപ്പിക്കുന്നു. ഇങ്ങനെ

സചേതനമായ പ്രകൃതിയിൽ ബദ്ധനാണ് ഓരോ മനുഷ്യനും.

## 2.2. വിലോഭന നഷ്ടം

പ്രകൃതിയുമായുള്ള പാരസ്പര്യത്തിന്റെ അഭാവമാണ് വിലോഭന നഷ്ടം. പ്രകൃതിയെ നോക്കി അതിശയിച്ചു നിന്നിരുന്ന മനുഷ്യസ്വഭാവങ്ങളിൽ നിന്ന് അതിശയഭാവം നഷ്ടമായതാണ് പരിസ്ഥിതി പ്രതിസന്ധിയുടെ ആരംഭം.

മനുഷ്യൻ സ്വന്തം ചരിത്രം സ്വയം നിർമ്മിക്കാൻ ആരംഭിച്ചപ്പോൾ പ്രകൃതിയുമായുള്ള ബന്ധത്തിന്റേയും പ്രകൃതിയുടേയും താളം തെറ്റി. അറിയുക എന്നതിന് അധീനപ്പെടുത്തുക എന്ന നൂതനാർത്ഥം കല്പിച്ചു കൊടുത്ത പുതിയ കാലഘട്ടത്തിൽ മനുഷ്യകുലത്തിന്റെ എല്ലാ ന്യൂനതകളും ശാസ്ത്രസാങ്കേതികത്തികവിനാൽ നികത്തിയെടുക്കാം എന്ന വികല ധാരണ വളർന്നുവന്നു.

മുൻനിര രാജ്യങ്ങൾ മറ്റ് രാജ്യങ്ങളിലെ സ്ഥലം, കൃഷി, ധാതുസമ്പത്ത് ഇവയെ ചൂഷണം ചെയ്തു വളർത്തിക്കൊണ്ടുവന്ന ഈ സാങ്കേതിക മുന്നേറ്റം തികച്ചു അന്യായവുമായിരുന്നു. ഇത്തരത്തിലാർജ്ജിച്ച ശക്തിയും അതിനു തുല്യമായി അവശേഷിച്ച മാലിന്യങ്ങളും ഈ ഗ്രഹത്തെ തന്നെ നശിപ്പിച്ചുകൊണ്ടിരുന്നു.

പാശ്ചാത്യരുടെ നവോത്ഥാന സങ്കല്പങ്ങളും ശാസ്ത്രസാങ്കേതിക വിദ്യകളും സാമ്പത്തിക ചിന്തയും അധിനിവേശകാലത്തു പൗരസ്ത്യനാടുകളിലുമെത്തി. ഇതോടെ പൗരസ്ത്യ പരിസ്ഥിതിചിന്തകളിൽ നിറഞ്ഞു നിന്നിരുന്ന പാരസ്പര്യ സങ്കല്പം നഷ്ടമായി. പ്രകൃതി, വ്യാവസായിക ഉൽപന്നങ്ങളുടെ നിർമ്മിതിക്കായി മനുഷ്യനു ചൂഷണം ചെയ്യാനുള്ള വിഭവം മാത്രമായി. ധനവും ശക്തിയുമുപയോഗിച്ച് പ്രകൃതിയിൽ അനന്തമായ പുനർനിർമ്മിതികൾ നടത്തിക്കൊണ്ടിരുന്നു. പ്രകൃതിയും സംസ്ക്കാരവും തമ്മിൽ ഒരു അയഥാർത്ഥ ദ്വൈതാവസ്ഥയും ശത്രുതയും വ്യവസായ സംസ്ക്കാരം നിർമ്മിച്ചു. ഗോത്രസമൂഹങ്ങളിൽ നിലനിന്നിരുന്ന തൊഴിൽ കൂട്ടായ്മകൾ വ്യവസായവത്ക്കരണത്തിലൂടെ അപ്രത്യക്ഷമായി. ഇതിലൂടെ ജൈവപരമായ ആദാനപ്രദാന വ്യവസ്ഥ ഇല്ലാതാകുകയും അദ്ധ്വാനം കമ്പോളമൂല്യങ്ങളിൽ അധിഷ്ഠിതമാകുകയും ചെയ്തു. വ്യാവസായിക നവോ

ത്ഥാന സങ്കല്പങ്ങളും മുതലാളിത്ത സമ്പദ് വ്യവസ്ഥയും വിഭാവനം ചെയ്യുമ്പോൾ തന്നെ മാർക്സ് ഇതിൽ വന്നുഭവിക്കാവുന്ന പരിസ്ഥിതി നാശങ്ങളെക്കുറിച്ച് ദീർഘദർശനം ചെയ്യുന്നുണ്ട്. മനുഷ്യന്റെ മാതൃശരീരമായി പ്രകൃതിയെ കാണുന്ന മാർക്സ്, പ്രകൃതിയില്ലാതെ, ഇന്ദ്രിയങ്ങളിലൂടെ അറിയുന്ന ഒരു ബാഹ്യലോകമില്ലാതെ, ഒന്നും സൃഷ്ടിക്കാനാകില്ലെന്നു പറയുന്നു. മാർക്സ് രൂപകല്പന ചെയ്ത അദ്ധ്വാന സംവിധാനവും ഭയപ്പെട്ട പോലെയുള്ള പ്രകൃതിയുടെ അന്യവൽക്കരണവും സംഭവിച്ചു. പ്രത്യയശാസ്ത്രത്തിൽ നിന്നു മൂല്യങ്ങൾ നഷ്ടമായി. ഭൂമിയിലെ വിഭവശേഷി അക്ഷയമാണെന്ന മിഥ്യാധാരണ മനുഷ്യനു ഭൂമിയെ ചൂഷണം ചെയ്യാനുള്ള പ്രേരണയായി.

## 2.3. പരിസ്ഥിതി ദർശനങ്ങൾ

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധങ്ങളെ നിർവ്വചിക്കുന്ന വ്യത്യസ്ത സമീപനങ്ങളാണ് പരിസ്ഥിതി ദർശനങ്ങൾ. ജലം, വായു, കാട്, ജൈവജനുസ്സുകൾ എന്നിവയുടെ സാകല്യമാണ് പ്രകൃതി. ഈ പ്രകൃതിയുടെ സാമൂഹ്യ രാഷ്ട്രീയ പാഠങ്ങൾ പരിസ്ഥിതി പാഠങ്ങളാകുന്നു.

യുക്തി ചിന്തകൾ രേഖീയമാണ്. പരിസ്ഥിതി ചിന്തകൾ മറിച്ച് അരേഖീയമായ ഘടനകളെ സംബന്ധിച്ചുള്ളതാകുന്നു. കാരണം വൃദ്ധിക്ഷയങ്ങളും ചാക്രികതയുമാണ് ജൈവികതയുടെ അടിസ്ഥാന സ്വഭാവങ്ങൾ. ജീവിതത്തിന്റെ ഈ ചാക്രികതയെ വിസ്മരിച്ച് രേഖീയമായ പുരോഗതി സങ്കല്പത്തെ മനുഷ്യൻ പിന്തുടർന്നതാണ് പരിസ്ഥിതി നാശത്തിനു ഹേതുവായത്. 1962ൽ പ്രസിദ്ധീകൃതമായ റേച്ചൽകാഴ്സന്റെ 'നിശ്ശബ്ദവസന്തം' (Silent Spring) എന്ന ഗ്രന്ഥമാണ് പാശ്ചാത്യലോകത്ത് പരിസ്ഥിതി പ്രതിസന്ധിയെക്കുറിച്ചുള്ള ചർച്ചയ്ക്കു തുടക്കമിട്ടത്. ഡേവിഡ് തോറോ, ജോൺ മുയർ, അൽദോ ലിയപ്പോൾഡ്, ലൂയി മംഫോസ് തുടങ്ങിയവരുടെ പരിസ്ഥിതി ചിന്തകളും പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. ഭാരതത്തിൽ ഗാന്ധിജി പാശ്ചാത്യ വികസന മാതൃകയുടെ പ്രകൃതിവിരുദ്ധതയെക്കുറിച്ച് ഓർമ്മപ്പെടുത്തിക്കൊണ്ട് പരിസ്ഥിതി ചിന്തകൾക്കു തുടക്കം കുറിച്ചു.

ജീവന്റേയും ജീവിതത്തിന്റേയും സമസ്ത മേഖലകളും പരിസ്ഥിതി ചിന്തയ്ക്കു വിഷയ

മാണ്. പരിസ്ഥിതി ദർശനങ്ങളെ അവയുടെ സ്വഭാവ ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ പ്രധാനമായും രണ്ടായി തരം തിരിക്കാം.

(1) മനുഷ്യകേന്ദ്രിതം (Anthropocentric) (2) ജൈവകേന്ദ്രിതം (Biocentric).

പ്രകൃതിയെ നിലനിർത്തേണ്ടത് മനുഷ്യന്റെ നിലനിൽപിനു അത്യന്താപേക്ഷിതമാണെന്ന തത്ത്വമാണ് ആദ്യത്തേതിൽ പ്രവർത്തിക്കുന്നതെങ്കിൽ മനുഷ്യന്റെ ഉപയോഗിതയ്ക്കപ്പുറത്തും പ്രകൃതിയുടെ നിലനിൽപിനെക്കുറിച്ചുള്ള ചിന്തയാണ് രണ്ടാമത്തെ ദർശനം മുന്നോട്ടുവയ്ക്കുന്നത്.

ഇന്നു പ്രസക്തമായ പരിസ്ഥിതി ദർശനങ്ങളിൽ ആദ്യമായി നിലവിൽ വന്നതും താരതമ്യേന ഏറെ പ്രചാരമുള്ളതുമായ പാരിസ്ഥിതിക ദർശനശാഖയാണ് ഗഹനപരിസ്ഥിതി വാദം. പഠനവിധേയമാക്കുന്ന കൃതികളിലെ പരിസ്ഥിതി പാഠങ്ങളുമായി ആശയൈക്യം ഉള്ളതിനാൽ ഈ ദർശനത്തിന്റെ തത്ത്വങ്ങൾ പരിശോധിക്കുന്നു.

## 2.4. ഗഹന പരിസ്ഥിതിവാദം (Deep Ecology)

പരിസ്ഥിതിയുടെ ഏകതയെക്കുറിച്ച് ആദ്യമായി സംസാരിച്ചത് ഗഹനപരിസ്ഥിതിവാദമാണ്. നോർവീജിയൻ ചിന്തകനായ ആർനേ നേസ്സ് (Arne Naes) ആണ് ഈ ചിന്താപദ്ധതിക്ക് അടിസ്ഥാനമിട്ടത്. സ്വന്തം താൽപര്യങ്ങളെ മാത്രം മുൻനിർത്തി മനുഷ്യൻ നടത്തിയ സാങ്കേതിക പ്രവർത്തനങ്ങളാണ് പരിസ്ഥിതി നാശത്തിനു കാരണമായതെന്നു നേസ്സ് പറയുന്നു. മനുഷ്യേതര ജീവികളെ മനുഷ്യന് ഉപയുക്തമായവ, അല്ലാത്തവ എന്നിങ്ങനെയുള്ള തരംതിരിവിന് അതീതമായി കല്പിക്കേണ്ടതാണ്. അവയുടെ ജീവിതം പുഷ്ടിപ്പെടുത്തേണ്ട ധാർമ്മിക ഉത്തരവാദിത്വവും മനുഷ്യനുണ്ട്. മറ്റൊരു ഗഹനപരിസ്ഥിതി ചിന്തകനായ വാർവിക് ഫോക്സ് (Warwick Fox)

> *"സർവജീവജാലങ്ങൾക്കും, മനുഷ്യന്റെ അധീശത്വമോ പ്രതികൂലമായ ഇടപെടലുകളോ ഇല്ലാത്ത തനിമയാർന്ന ജീവിതം സാധ്യമാക്കുന്ന".*[11]

ഒന്നായി തന്റെ പരിസ്ഥിതി ചിന്തയെ വിശദീകരിക്കുന്നു.

ഈ രീതിയിൽ പ്രകൃതി ഘടകങ്ങളെ സമദൃഷ്ടിയിൽ വീക്ഷിക്കുന്നതുകൊണ്ട് ഗഹന പരിസ്ഥിതിവാദികൾ മനുഷ്യനെ പ്രകൃതിയുടെ കേന്ദ്രസ്ഥാനത്തു നിലനിർത്തുന്ന പാശ്ചാത്യ സംസ്ക്കാരത്തെ എതിർക്കുന്നു. പരിസ്ഥിതിയെക്കുറിച്ചുള്ള പൗരസ്ത്യസങ്കല്പങ്ങളാണ് വർത്തമാന അവസ്ഥയിൽ അനുപേക്ഷണീയമാകുന്നതെന്നു നേസ്സ് തിരിച്ചറിയുന്നു. ഭഗവദ്ഗീത ഉദ്ധരിച്ചുകൊണ്ട് ഒരു യോഗിക്കു തുല്യമായ മനസ്സോടെ പ്രകൃതിയെ വീക്ഷിക്കണമെന്നു നേസ്സ് എഴുതുന്നു.[12] മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തിൽ വന്ന അകൽച്ച പ്രകൃതിയിലും മനുഷ്യരിലും ഉണ്ടാക്കിയ മൂല്യനിരാസങ്ങൾ ഗഹനപരിസ്ഥിതി വാദത്തിന്റെ ശ്രദ്ധയിൽ വരുന്നു. പ്രകൃതിയിലൂടെ സ്വയം അറിയുക എന്ന തത്ത്വമാണ് ഇതിനു പരിഹാരമായി ഗഹനപരിസ്ഥിതി വാദം നിർദേശിക്കുന്നത്. പ്രകൃതിയെ അതിന്റെ സാകല്യത്തിൽ ദർശിക്കുന്ന ഗഹനപരിസ്ഥിതിവാദം നിലനിൽക്കുന്ന ദ്വൈതങ്ങളുടെ നിരാസത്തിനായി ഒരു ഐക്യപ്രതിഭാസം വിഭാവനം ചെയ്യുന്നു. സർവ്വവും ഭാഗഭാക്കാകുന്നതും ഒന്നിൽ നിന്നു മറ്റൊന്നിനെ തിരിച്ചറിയാനാകാത്തതുമായ ഒരു ആത്മവാദമായി ഈ ഐക്യപ്രതിഭാസത്തെ വിശദീകരിക്കാം. ഈ ഐക്യപ്രതിഭാസത്തിലെ നിയമങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

1. പ്രകൃതിയിലെ ഓരോ ഘടകത്തിന്റേയും സ്വാതന്ത്ര്യത്തേയും വൈവിധ്യത്തേയും അംഗീകരിക്കുക
2. ഓരോ ഘടകത്തോടും സൗഹൃദം പങ്കുവയ്ക്കുക
3. ഇതര ഘടകങ്ങൾക്കായി ഇടമൊഴിഞ്ഞു കൊടുക്കുക.

മിക്ക ഗഹന പരിസ്ഥിതി ചിന്തകരും അവരുടെ നിലപാടുകൾക്കു, പൗരസ്ത്യതത്ത്വചിന്തകളോടും പാശ്ചാത്യതത്ത്വചിന്തയിലെ മിസ്റ്റിക് പാരമ്പര്യങ്ങളോടുമാണ് കടപ്പെട്ടിരിക്കുന്നത്. പരിസ്ഥിതി പ്രതിസന്ധികളുടെ കാരണങ്ങളായി ഇവർ നിരവധി വസ്തുതകളെ ചൂണ്ടിക്കാണിക്കുന്നുണ്ട്. മനുഷ്യകേന്ദ്രിതത്വം, ദ്വൈതവാദം, അണുസിദ്ധാന്തം, വിഭാഗീയ ചിന്തകൾ, രൂക്ഷമായ ഏകാധിപത്യം, ആണവായുധങ്ങൾ, വ്യാവസായിക മലിനീകരണം എന്നിങ്ങനെ അവ ക്രോഡീകരിക്കപ്പെടുന്നു.

മനുഷ്യൻ-പ്രകൃതി, മനസ്സ്-ശരീരം, പുരുഷൻ-സ്ത്രീ, ചരിത്രം- സംസ്ക്കാരം എന്നിങ്ങനെ ഭരിക്കുന്നതും ഭരിക്കപ്പെടേണ്ടതുമായി സകലതിനേയും ദ്വൈതമായി വീക്ഷിക്കുന്നതാണ് പാശ്ചാത്യ തത്ത്വചിന്തകൾ. ഇവയ്ക്കു ബദലായി പ്രപഞ്ചത്തെക്കുറിച്ചുള്ള അദ്വൈതചിന്തയാണ് ഗഹന പരിസ്ഥിതി വാദത്തിന്റെ കാതൽ.

ഗഹനപരിസ്ഥിതി വാദത്തിന്റെ പ്രധാന വീക്ഷണങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

1. പരിസ്ഥിതി ചിന്ത ജൈവകേന്ദ്രിതമാകണം.
2. പ്രകൃതിയിലെ ഓരോ ഘടകത്തിന്റേയും നിലനില്പിനും വർദ്ധനവിനും അതിന്റേതായ മൂല്യമുണ്ട്.
3. മനുഷ്യന്റെ ഉപയോഗിതയുടെ അടിസ്ഥാനത്തിൽ പ്രകൃതിയിലെ ഇതര ഘടകങ്ങളെ നിർണ്ണയിക്കുവാനാകില്ല.

## 2.5. സാഹിത്യവും പ്രകൃതിയും

സാഹിത്യത്തിൽ പ്രകൃതി എന്നും ഒരു സുപ്രധാന സാന്നിധ്യമാണ്. സാഹിത്യകാരന്റെ കാലദേശങ്ങൾ കൃതികളിലെ പ്രകൃത്യാവിഷ്ക്കാരങ്ങൾക്കു ഭേദം വരുത്തുന്നു. കാളിദാസൻ പ്രകൃതിയുമായുള്ള മെരുക്കത്തെ ഉപാസിക്കുമ്പോൾ റൂസ്സോവും തോറോയും പ്രകൃതിയുടെ വന്യതയെയാണ് ഉപാസിക്കുന്നത്. ഉപാസനാമൂർത്തിയായും കഥാപാത്രമായും സഹചാരിയായും പശ്ചാത്തലമായും പ്രകൃതി സാഹിത്യത്തിൽ പ്രത്യക്ഷപ്പെടുന്നു. സാഹിത്യത്തിൽ പ്രകൃതിക്കുള്ള പ്രാധാന്യത്തിന്റെ സാക്ഷ്യമാണ് 'തൊൽകാപ്പിയ'ത്തിലെ പൊരുളധികാരം. ഒരു സാഹിത്യകൃതി പഠനവിധേയമാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളായി പൊരുളധികാരത്തിലെ മുതൽപ്പൊരുൾ അഥവാ പ്രാഥമികതത്ത്വങ്ങൾ, കാലദേശ അവസ്ഥകളുടെ പഠനത്തെ പറയുന്നു. കാലാവസ്ഥയേയും ദേശാവസ്ഥയേയും കണക്കിലെടുക്കാതെ ഒരു കൃതിയുടെ പഠനം ആരംഭിക്കുവാൻ പോലും സാധ്യമല്ല. 'തൊൽകാപ്പിയം' പറയുന്ന കാലാവസ്ഥ ഋതുക്കളും ദിവസഭാഗങ്ങളുമാണ്. ദേശം, സാഹിത്യകൃതികളെത്തന്നെ നിർണ്ണയിക്കുന്ന ഘടകവും. ഭൂപ്രകൃതിയ്ക്കനുസരിച്ച് അഞ്ച് തിണകളായി തിരിച്ച തമിഴകത്ത് അന്നുണ്ടായ സാഹിത്യകൃതികളിലെല്ലാം തിണകളുടെ ഭൂമിശാസ്ത്രവും കാലാ

വസ്ഥയും ഏർപ്പെടുത്തിയ സ്വാധീന നിയന്ത്രണങ്ങളുടെ രേഖകൾ കാണാം. ഓരോ തിണയിലും ആവിഷ്ക്കരിക്കേണ്ട സാഹിത്യങ്ങളുടെ രൂപഭാവങ്ങളെ കൃത്യമായി ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്. കരു, ഉരി എന്നിങ്ങനെയാണ് ഈ നിയമാവലികളെ വിഭജിച്ചിരിക്കുന്നത്.

മലയാളത്തിലെ നാടോടി സാഹിത്യത്തിൽ ജന്തുലോകവും സസ്യലോകവും മനുഷ്യസ്വഭാവങ്ങളുടെ തിളക്കമുള്ളവയാണ്. പ്രധാനമായും രണ്ട് കാഴ്ചപ്പാടുകളാണ് ഈ നാടോടി പാരമ്പര്യത്തിൽ നിന്നു വായിച്ചെടുക്കാൻ സാധിക്കുന്നത്.

1. മനുഷ്യൻ ചരാചരപ്രപഞ്ചത്തിന്റെ ഒരു ഘടകം മാത്രമാണ്. പ്രത്യേക അവകാശങ്ങളോ ഉടമസ്ഥതകളോ മനുഷ്യനില്ല.
2. മാറ്റിമറിക്കപ്പെട്ട ഒരു കാഴ്ചപ്പാടിൽ മനുഷ്യൻ പരിസ്ഥിതിയുടെ മാത്രമല്ല മനുഷ്യരിൽത്തന്നെ ദുർബലവിഭാഗത്തിന്റെ ഉടമയായി മാറുന്നു.

സാഹിത്യത്തിൽ പ്രകൃതി ഏറ്റവും അധികം പ്രകീർത്തിക്കപ്പെടുന്നത് കാല്പനിക പ്രസ്ഥാനത്തിലാണ്. ക്ലാസ്സിക്ക് കൃതികളിൽ പ്രകൃതി, നിയമവിധേയമായി നടത്തുന്ന വർണ്ണനയിലെ വർണ്ണ്യവസ്തുവാണ്. ആത്യന്തികമായും മനുഷ്യകേന്ദ്രിതമായ കാല്പനിക കൃതികളിൽ മനുഷ്യന് അഭിരമിക്കുവാനും ആസ്വദിക്കുവാനുള്ള വസ്തുവായി പ്രകൃതി ആഖ്യാനം ചെയ്യപ്പെടുന്നു. നഷ്ടസ്വർഗ്ഗം എന്ന രീതിയിൽ ഗൃഹാതുരത്വത്തോടേയും കാല്പനികർ പ്രകൃതിയെ ആവിഷ്ക്കരിക്കുന്നുണ്ട്. റിയലിസ്റ്റിക് കൃതികളിൽ പ്രകൃതി-സ്ഥലം- സാമൂഹ്യ ഭൂമികകളാണ്. ആധുനിക സാഹിത്യത്തിൽ പരാമർശിക്കുന്ന പ്രകൃതി അഥവാ ഇടം അധികാരം, രാഷ്ട്രീയം, സമ്പദ്ഘടന ഇവയുമായി ബന്ധപ്പെട്ട് നിൽക്കുന്നു. ഇവയിൽ ആവിഷ്ക്കരിക്കുന്ന ഭൂഭാഗപശ്ചാത്തലം കൃതിയിൽ പരാമർശിക്കുന്ന സംഭവങ്ങൾക്ക് സംസ്ക്കാരികവും ചരിത്രപരവുമായ പശ്ചാത്തലം ഒരുക്കുന്നു. ഇന്നു കാല്പനികതയുടെ പരിവേഷത്തിലല്ല പ്രകൃതിയെ സാഹിത്യത്തിൽ ആവിഷ്ക്കരിക്കേണ്ടത്. കാരണം കാല്പനിക കാലഘട്ടത്തിൽ നിന്ന് ഇന്നത്തെ സമൂഹം വളരെ പരിണമിച്ചിരിക്കുന്നു. ശാസ്ത്രത്തിന്റെ വളർച്ച, ആണവ വിപത്തുകളുടെ സാധ്യത, ജൈവ അസന്തുലിതാവസ്ഥ, നാശോന്മുഖമായ വനസ്ഥികൾ, മലിനവും ഉറവ വറ്റിയതുമായ നീരൊഴുക്കു

കൾ– ഇതെല്ലാം ചേർന്ന ഭൂമിയുടെ അരക്ഷിതാവസ്ഥ– ഈ സന്ദർഭങ്ങളെ അറിഞ്ഞുകൊണ്ടുള്ള പാരിസ്ഥിതിക അവബോധത്തിൽ അധിഷ്ഠിതമായ ഒരു സാഹിത്യ ധർമ്മമാണ് പ്രകൃതിപരാമർശങ്ങളിൽ അനുവർത്തിക്കേണ്ടത്. മനുഷ്യജീവിതവുമായി ആന്തരലയത്തിലുള്ള പ്രകൃതിയെ മാറിനിന്നു വർണ്ണിക്കുകയല്ല വേണ്ടതെന്ന് ഇന്നത്തെ എഴുത്തുകാർ തിരിച്ചറിയുന്നുണ്ട്.

1978–80 കാലഘട്ടങ്ങളിൽ സൈലന്റ് വാലി സംരക്ഷണ പ്രതിരോധങ്ങളിൽ പങ്കുചേർന്നുകൊണ്ടാണ് മലയാളത്തിൽ സാഹിത്യകാരന്മാർ ഭാവുകത്വത്തെ പാരിസ്ഥിതിക പ്രവർത്തനമേഖലകളിലേക്കു വ്യാപിപ്പിച്ചത്. 'വനപർവ്വം' എന്ന കവിതാസമാഹാരം ഈ കാലഘട്ടത്തിൽ പുറത്തിറങ്ങി. 1980-കളിൽ കഥയിലും കവിതയിലും വ്യാപകമായി തന്നെ പരിസ്ഥിതി ചിന്തകൾ സജീവമായി. 90-കളിൽ സാഹിത്യത്തിന്റെ മുഖ്യധാരയായി പരിസ്ഥിതി ചിന്തകൾ മാറുന്നു.

## 2.6. പാരിസ്ഥിതിക വിമർശനം

പാരിസ്ഥിതിക വിമർശനം അഥവാ ഇക്കോ ക്രിട്ടിസിസം (Eco Criticism) എന്ന പദം ആദ്യമായി പ്രയോഗിച്ചത് 1978ൽ അയോവ റിവ്യൂ എന്ന മാസികയിൽ 'സാഹിത്യവും ഇക്കോളജിയും ഇക്കോ ക്രിട്ടിസിസത്തിന്റെ ഒരു പരീക്ഷണം' എന്ന പഠനം പ്രസിദ്ധപ്പെടുത്തിയ വില്യം റുക്കോർട്ട് ആണ്. സാഹിത്യ കൃതികളിൽ പരിസ്ഥിതിപാഠങ്ങൾ സജീവമായ തൊണ്ണൂറുകളിലാണ് പാരിസ്ഥിതിക വിമർശനം ഒരു പദ്ധതിയായി വളർന്നുവന്നത്.

സാഹിത്യകൃതികളുടെ വിശകലനത്തിന് പാരിസ്ഥിതിക ശാസ്ത്രത്തിലേയും പാരിസ്ഥിതിക ചിന്തകളിലേയും ആശയങ്ങൾ പ്രയോജനപ്പെടുത്തുന്നതാണ് ഈ നിരൂപണ പദ്ധതി. പരിസ്ഥിതിയെക്കുറിച്ച് ഗൗരവമായി ചിന്തിക്കുന്ന കൃതികൾ, പ്രപഞ്ചവും മനുഷ്യനും തമ്മിലുള്ള ബന്ധം, ഈ ബന്ധവും ബന്ധവിഛേദവും മനുഷ്യനിലുണ്ടാക്കുന്ന പരിവർത്തനങ്ങൾ, പ്രകൃതിയിൽത്തന്നെ ഉണ്ടാക്കുന്ന അഭാവങ്ങൾ എന്നീ വിഷയങ്ങൾ ഉൾക്കൊള്ളുന്നു. അഥവാ ഇത്തരം വിഷയങ്ങളിലെ സമസ്യകളും അവയുടെ പൂരണങ്ങളുമാണ് യഥാർത്ഥ പാരിസ്ഥിതിക സാഹിത്യകൃതി ചർച്ച ചെയ്യേണ്ടത്. ഇത്തരം സാഹിത്യ

കൃതികളെ പരിസ്ഥിതി ശാസ്ത്രതത്ത്വങ്ങളിലൂടെ അപഗ്രഥിക്കുന്നതാണ് പാരിസ്ഥിതിക വിമർശനം. ഇതിനെക്കുറിച്ച്

> *"മനുഷ്യപ്രകൃതിയെക്കുറിച്ച് അതിന്റെ ദുരയെക്കുറിച്ച്, അത്യാർത്തിയെക്കുറിച്ച് അധികാര വാഞ്ഛയെക്കുറിച്ച് സാഹിത്യത്തിന് എന്താണ് പറയാനുള്ളതെന്ന അന്വേഷണമായതിനാൽ ഇക്കോ ക്രിട്ടിസിസത്തെ അഹംബോധ വിമർശനമെന്നു പുതുക്കി നാമകരണം ചെയ്യാം"* [13]

എന്ന അഭിപ്രായം ശ്രദ്ധേയമാണ്.

പരിസ്ഥിതി സാഹിത്യം എന്ന രീതിയിൽ കൃതികൾ രചിക്കപ്പെടുന്നതിനു വളരെ മുൻപ് എഴുതിയ നോവലുകളിലും പരിസ്ഥിതി പാഠങ്ങൾ ഉൾക്കൊള്ളിക്കാൻ പി. വത്സലയ്ക്കു സാധിച്ചിട്ടുണ്ട്. പരിസ്ഥിതി തത്ത്വങ്ങൾ വിശദീകരിക്കുവാനുള്ള മാധ്യമമെന്ന നിലയിൽ രചനകൾ നടത്തിയിട്ടില്ലെങ്കിലും പൗരാണിക സാഹിത്യത്തിൽ ആവിഷ്കൃതമായിരിക്കുന്ന പ്രകൃതിയെക്കുറിച്ചുള്ള വിനമ്രഭാവവും ആധുനികകാലത്ത് പ്രകൃതിയിൽ നടത്തിയ കയ്യേറ്റങ്ങളും അവയുടെ തിക്തഫലങ്ങളും ഇവരുടെ കൃതികളിൽ കാണാം. ഇത്തരം പരാമർശങ്ങളിലൂടെ അഭിവ്യക്തമാകുന്ന നോവലിസ്റ്റിന്റെ പരിസ്ഥിതി സമീപനങ്ങളെ അപഗ്രഥിക്കുന്നു. ഇതിനായി ആദ്യം കൃതികളിലെ പ്രകൃതിയുടെ പ്രത്യക്ഷചിത്രീകരണങ്ങളും തുടർന്ന് അവയുടെ അർത്ഥവ്യാപനങ്ങളും വിശദീകരിക്കുന്നു.

## 2.7. വത്സലയുടെ നോവലുകളിലെ പ്രകൃതി പരാമർശങ്ങൾ

പുരുഷനേക്കാൾ പ്രകൃതിയെ അറിയുവാൻ കഴിയുന്നതു സ്ത്രീയ്ക്കാണ്. വിഭിന്നങ്ങളായ ജൈവധർമ്മങ്ങളാൽ വ്യത്യസ്തരായ സ്ത്രീപുരുഷന്മാരിൽ പ്രകൃതിയുടെ ചാക്രികത കൂടുതൽ സ്പർശ്യമാകുന്നത് സ്ത്രീയ്ക്കാണ്. ശാരീരികമായ ഋതുചക്രങ്ങൾ അനുഭവ്യമാകുന്നതുകൊണ്ട് പ്രകൃതിയിലെ ജലചക്രങ്ങളും സ്ത്രീയ്ക്കു പുരുഷനേക്കാൾ ഗ്രാഹ്യമാകുന്നു. ജീവന്റെ ചാക്രികത സ്ത്രീയിലൂടെ സംഭവിക്കുന്നതിനാൽ പ്രകൃതിയുടെ അടിസ്ഥാന സ്വഭാവങ്ങളായ പരിണാമവും നൈരന്തര്യവും പുരുഷനേക്കാൾ സ്ത്രീ ഉൾക്കൊള്ളുന്നു. പ്രകൃതിയെക്കുറിച്ചുള്ള ഈ അധികഅറിവ് പ്രകൃതിനാശത്തെക്കുറിച്ചും പുരുഷ

നേക്കാൾ സ്ത്രീയെ ആശങ്കാകുലയാക്കുന്നു. ഈ കാരണങ്ങളാൽ സ്ത്രീരചനകളിൽ പ്രത്യേക പ്രാധാന്യത്തോടെ, തനിമയോടെ പ്രകൃതി പ്രത്യക്ഷപ്പെടുന്നു. വത്സലയുടെ നോവലുകളിൽ വനങ്ങളും നീരൊഴുക്കുകളും കൃഷിയിടങ്ങളും ജീവജാലങ്ങളും എല്ലാം ചേർന്ന വൈവിധ്യം കലർന്ന, സമൃദ്ധമായ ഒരു പ്രകൃതി സാന്നിധ്യമുണ്ട്. സൗന്ദര്യാനുഭൂതി പകരുന്ന വർണ്ണ്യവസ്തുക്കളോ നിർജ്ജീവങ്ങളായ പശ്ചാത്തലമോ ആയല്ല ഈ ചരാചരങ്ങൾ നോവലുകളിൽ ആഖ്യാനം ചെയ്യപ്പെടുന്നത്. നോവലിസ്റ്റിന്റെ പരിസ്ഥിതി ദർശനങ്ങൾ വെളിപ്പെടുത്തുവാൻ നോവലിസ്റ്റ് നേരിട്ടോ കഥാപാത്രങ്ങൾ മുഖേനയോ പ്രയോജനപ്പെടുത്തുന്ന സൂചകങ്ങളാണ്, വത്സലയുടെ നോവലുകളിലെ പ്രകൃതി ഘടകങ്ങൾ. ഇവ തന്നെ കേവല ദൃശ്യങ്ങളായും വിനാശദൃശ്യങ്ങളായും ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.

### 2.7.1. കേവലദൃശ്യങ്ങൾ

#### 2.7.1.1. വൃക്ഷം/വനം

പ്രാചീനകാലം മുതൽ ലോകവ്യാപകമായി നിലനിന്നിരുന്ന പ്രതിഭാസമാണ് വൃക്ഷാരാധന. അടിസ്ഥാന ആവശ്യങ്ങൾക്കായി വൃക്ഷത്തെ ആശ്രയിക്കുന്ന മനുഷ്യൻ ആവശ്യനിവൃത്തിക്കു മുൻപായി വൃക്ഷത്തോടും അതിൽ നിവസിക്കുന്ന ചരാചരങ്ങളോടും അനുമതിയും ക്ഷമയും അർത്ഥിച്ചിരുന്നു. വൃക്ഷങ്ങൾക്കും ആത്മാവ് കൽപിച്ചിരുന്ന ആ കാലഘട്ടത്തിൽ വൃക്ഷം ഈശ്വരതുല്യനായി മനുഷ്യന്റെ ആവശ്യനിവൃത്തികൾ ചെയ്തുകൊടുത്തു. കാളിദാസ കൃതികളിൽ തരുലതാദികൾ ആരാധനാമൂർത്തികളേക്കാൾ സഹവർത്തികളാണ്. വൃക്ഷം ദേവതയോ സഹചാരിയോ അല്ലാതായ കാലഘട്ടത്തിലും ഗോത്രസമൂഹം വൃക്ഷാരാധന നിലനിർത്തി വന്നിരുന്നു.

വത്സലയുടെ നോവലുകളിൽ ആദിവാസി കഥാപാത്രങ്ങളിലൂടെ പരാമർശിക്കപ്പെടുന്ന വൃക്ഷസൂചനകളിൽ ദൈവികത നിറഞ്ഞുനിൽക്കുന്നു. നാട്ടുവഴക്കങ്ങളിൽ മനം മടുത്ത് കാടു കയറുന്ന കുങ്കൻ വൃക്ഷങ്ങളെക്കുറിച്ച് പറയുന്നത്

*"ഇവർ ദൈവങ്ങളാണ്, ഇവരാണ് ഇവിടെ എനിക്ക് രക്ഷ".*[14]

എന്നാണ്. വൃക്ഷനാശം കുങ്കനു ദൈവകോപം വരുത്തിവയ്ക്കലാണ്.

'റോസ്മേരിയുടെ ആകാശങ്ങളിൽ മഹുവാ വൃക്ഷങ്ങൾ നിരനിരയായി നിൽക്കുന്ന ഗ്രാമത്തിൽ എത്തിച്ചേരുന്ന റോസ്മേരിക്ക് അവിടത്തെ ഗോത്രവർഗ്ഗക്കാർക്കിടയിൽ വൃക്ഷത്തിനുള്ള പ്രാധാന്യവും പ്രസക്തിയും ബോധ്യപ്പെടുന്നുണ്ട്. ഗോത്രവർഗ്ഗക്കാർക്ക് അവരുടെ കർമ്മവൃക്ഷമില്ലാതെ ഉത്സവം നടത്താനാകില്ല. ചൂഷകർ വെട്ടിമാറ്റുന്ന വൃക്ഷങ്ങൾ ആദിവാസികളുടെ ലൗകിക-ആത്മീയ ജീവിത പരിസരങ്ങളാണ് നിഷേധിക്കുന്നത്. ആദിവാസികൾക്കായി ജീവിതം മാറ്റിവെച്ച സിസ്റ്റർ ആലീസ് ഈ അവസ്ഥ ദീർഘദർശനം ചെയ്യുന്നുണ്ട്.

> *"കാട് പീഠഭൂമിയായി ഇനി കർമ്മവൃക്ഷമേ ഇല്ലാത്ത അവസ്ഥയിൽ അവരെങ്ങനെ നൃത്തം ചെയ്യും? വർഷത്തിലൊരിക്കലെങ്കിലും അവർക്കു മനസ്സ് തുറന്ന് ആടിപ്പാടേണ്ടേ".*[15]

എന്നു സിസ്റ്റർ ആലീസ് വ്യാകുലപ്പെടുന്നു. ഇവിടെ വൃക്ഷവും വൃക്ഷനാശവും ഒരു വർഗ്ഗത്തിന്റെ സ്വത്വപ്രതീകവും സ്വത്വനഷ്ടവുമാകുന്നു.

ഹൈന്ദവ പുരാണങ്ങൾ മൂന്നു വനങ്ങളെക്കുറിച്ച് പറയുന്നുണ്ട്. സമ്പദ് സമൃദ്ധിയുടെ കേദാരമായ ശ്രീവനം, സത്യാന്വേഷികളായ തപസ്വികളുടെ ആവാസമായ തപോവനം, എല്ലാ ജീവജാലങ്ങളുടേയും അഭയസ്ഥാനമായ മഹാവനം. വത്സലയുടെ നോവലുകളിൽ 'നെല്ലി' ലും 'കൂമൻകൊല്ലി' യിലും അരണ്യകങ്ങൾ ഇതിവൃത്തത്തിന്റെ ഭൂമികകളാണ്. രണ്ടു നോവലിലും വനത്തിന് പരസ്പരവിരുദ്ധമായ രണ്ട് ദൃശ്യപാഠങ്ങളാണുള്ളത്.

1. ആദിവാസിയുടെ നഷ്ടഭൂമി
2. ലാഭേച്ഛുക്കളായ പുറംനിവാസികളുടെ സ്വപ്നഭൂമി.

മേലാള കീഴാള സമീപനങ്ങളിൽ കാണുന്ന ഈ വ്യതിരിക്തത നോവലിൽ പ്രത്യക്ഷപ്പെടുന്ന വനപരാമർശങ്ങളിൽ വ്യക്തമാകുന്നുണ്ട്. വനസമ്പത്തിൽ സാമ്പത്തികലാഭം മാത്രം ദർശിക്കുന്ന മേലാളന് വനത്തിന്റെ നിഗൂഢത ഭീഷണിയാണ്. അതുകൊണ്ട് ഇരുണ്ട കാടിന്റെ ചിരി

> *"ചെകുത്താന്റെ ചിരിയായും"*[16]

കാട്

*"നിർജ്ജനതയുടേയും ഭീതിയുടേയും സമുദ്രമായും"*[16]

അവർക്കു തോന്നുന്നു.

"*കാടിനെ പേടിച്ച് ചിറകൊതുക്കി നിൽക്കുന്ന തുറന്ന ഭൂമിയിലാണ്*"[18]

അവർ വേരുറപ്പിക്കാൻ ശ്രമിക്കുന്നത്. ആരണ്യകരുടെ ഭാഷ്യത്തിലാകുമ്പോൾ വനത്തിനു ഇത്തരം ഭീകരതകളെല്ലാം നഷ്ടമാകുന്നു. പ്രണയഭാവങ്ങളറിഞ്ഞു തുടങ്ങിയ മല്ലന് വനത്തിന്റെ നിഗൂഢത

*"കന്യകയുടെ മനസുപോലെയാണ്"* [19] അനുഭവപ്പെടുന്നത്.

*"വരൂ എന്റെ മടിത്തട്ടിലേക്ക് വരൂ"*[20]

എന്ന വിളികേട്ട് കാട് കയറുന്ന കുങ്കന് കാട്, കറുത്ത കാട്ടുകന്യക, കാമുകിയാണ്. കാടിന്റെ ഉൾത്തടം മണിയറയും. മറ്റു ചില സന്ദർഭങ്ങളിൽ കാട് ആരണ്യകർക്ക് അവരുടെ ഉപാസനാമൂർത്തിയായ മലങ്കാരി തന്നെയാണ്. കൊടിയ വിശപ്പിലും കാടുകയറ്റം ഒരു ലഹരിയായി ആദിവാസികളിൽ നിറയുന്നുണ്ട്. വറുതിയുടെ ദിനങ്ങളിലുള്ള ഈ കാടുകയറ്റം മലങ്കാരിയുടെ മടിശ്ശീല തട്ടിക്കുടയലും[21] കാട്ടിൽ നിന്നുള്ള മടക്കം മലങ്കാരിയുടെ പുടവത്തുമ്പിൽ നിന്നുള്ള പിടിവിടലുമാണ്. വനം ആദിവാസിയുടെ മാതൃതുല്യയായ ഉപാസനമൂർത്തിയാണ്. ഈ വനത്തിലേയ്ക്കുള്ള മേളാരുടെ കടന്നുകയറ്റം ഒരു വർഗ്ഗത്തിന്റെ ജീവിതക്രമങ്ങളിലേയ്ക്കുള്ള കടന്നുകയറ്റമാകുന്നു. ചുരുക്കത്തിൽ വത്സലയുടെ നോവലുകളിലെ വനം, അധികമായും നഷ്ടപ്പെടുന്ന നിഷ്കളങ്കതയുടെ പ്രതീകമാകുന്നു.

### 2.7.1.2. മണ്ണ്

ഉർവ്വരതയുടെ പ്രതീകമാണ് മണ്ണ്. വത്സലയുടെ നോവലുകളിൽ മണ്ണ് അചേതനത്വത്തിൽ നിന്നു വിടുതലാകുന്നു. അധിക സന്ദർഭങ്ങളിലും കഥാപാത്രങ്ങളെ ഓരോരിടത്ത് ബന്ധിപ്പിച്ചു നിർത്തുന്നത് മണ്ണാണ്.

*"മനുഷ്യർ പരസ്പരം പുലർത്തുന്ന ബന്ധത്തേക്കാൾ ശക്തിയേറിയതത്രേ*

*മനുഷ്യനും മണ്ണും തമ്മിലുള്ള ബന്ധം"* [22]

എന്ന് ഒരു കഥാപാത്രം പറയുന്നുമുണ്ട്.

നിറഭേദങ്ങളോടെ നിവർന്നു കിടക്കുന്ന മണ്ണിൽ മനുഷ്യഭാവങ്ങൾ തന്നെ ആരോപിക്കുന്നു.

*"വെളുക്കെ ചിരിക്കുന്ന തരിശുഭൂമി, മുഖം കറുപ്പിക്കുന്ന സമ്പാദ്യക്കാരി"* [23]

ഇങ്ങനെ മണ്ണ്, കണ്ടറിഞ്ഞ് സമീപിക്കേണ്ട വൈകാരികസത്തയാകുന്നു.

മണ്ണ് കൃഷിയിടങ്ങളാകുമ്പോൾ വൈകാരികത വർദ്ധിക്കുന്നു. മക്കളില്ലാത്ത ദുഃഖം മറന്നുപോകുന്ന ദൃശ്യവിരുന്നായും കുഞ്ഞുങ്ങളേക്കാൾ സ്നേഹിച്ചു പരിപാലിക്കുന്ന, മക്കളേക്കാൾ വിശ്വസിക്കാവുന്ന സ്നേഹവാത്സല്യങ്ങളുടെ കേദാരമായും[24] കൃഷിയിടങ്ങളെ നോവലിൽ പ്രത്യക്ഷീകരിക്കുന്നു.

മുഴുവൻ സന്ദർഭങ്ങളിലും മണ്ണിനു സ്ത്രൈണഭാവമാണ്. ചിരിക്കുകയും കരയുകയും പേടിക്കുകയും ചെയ്യുന്നവളായി മണ്ണ് ആവിഷ്ക്കരിക്കപ്പെട്ടിരിക്കുന്നു. പ്രകൃതിയെ സ്ത്രീയായും പരിസ്ഥിതിവാദത്തെ സ്ത്രീവാദമായും ബന്ധിപ്പിക്കുന്നതിൽ ഈ ആഖ്യാനരീതികൾ കൂടുതൽ പ്രയോജകമാകുന്നുണ്ട്.

കഥാപാത്രങ്ങൾ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങളും സങ്കടങ്ങളും ഹർഷങ്ങളും ആശ്വാസവുമെല്ലാം ഭൂമിയിലൂടെയും മണ്ണിലൂടെയും സൂചിതമായിരിക്കുന്നു. ദാമ്പത്യവും ഭർത്തൃഗൃഹവും തടവറയായ മാധവിയുടെ അമർത്തിവയ്ക്കപ്പെട്ട തൃഷ്ണകളുടെ വിങ്ങൽ

*"വെയിലിൽ നീറുന്ന അമ്മൻകുന്നിന്റെ വിങ്ങലാണ്."* [25]

സമാനമായ ജീവിതാനുഭവങ്ങളുള്ള സാവിത്രിക്ക് വീടെന്ന തടവറയിൽ നിന്നു പുറത്തിറങ്ങി ചെളിയുടെ ആഴത്തിൽ പാദങ്ങൾ ആണ്ടുപോകുമ്പോഴാണ് ജീവിക്കുന്നു[26] എന്ന തോന്നലുണ്ടാകുന്നത്.

മണ്ണിൽ, നോവലിൽ സൂചിതമാകുന്ന ജീവിതാവസ്ഥകൾ തന്നെയാണ് ആരോപിക്കുന്നതെന്നു പറയാം.

### 2.7.1.3. നീരൊഴുക്കുകൾ

നദീതീരങ്ങളോട് ബന്ധപ്പെട്ടാണ് മനുഷ്യസംസ്കൃതി എന്നും ഉരുവപ്പെട്ടിരിക്കുന്നത്. വത്സലയുടെ നോവലുകളിലെ നീരൊഴുക്കുകൾ, തീരങ്ങളിലുള്ള ജീവിതങ്ങളുമായി സംവദിക്കുന്നതും ചിലർക്കെങ്കിലും ദൈവികത അനുഭവപ്പെടുന്നതുമായ സാന്നിധ്യങ്ങളാകുന്നു. ഓരോ നോവലിലും സാക്ഷിയായും സഹചാരിയായും ഓരോ പുഴയുണ്ട്. 'നെല്ലി'ൽ ബാവലിയായും പാപനാശിനിയായും 'കൂമൻകൊല്ലിയി'ലും 'ആഗ്നേയ'ത്തിലും കാളിന്ദിയായും 'റോസ്മേരിയുടെ ആകാശങ്ങളി'ൽ മൈനിയായും ഗംഗയായും പുഴകൾ ഒഴുകുന്നു.

കാട്ടിലൂടെ ഒഴുകിയെത്തുന്ന ബാവലിയും കാളിന്ദിയും ആരണ്യകരുടെ കൂട്ടുകാരിയാണ്. തന്റെ കൂടെ എപ്പോഴും - പണിയെടുക്കുമ്പോഴും വെറുതെയിരിക്കുമ്പോഴും ചിരിക്കുമ്പോഴും കരയുമ്പോഴും - ഇവളുണ്ടെന്നു മാര, പാത്തിയിലൂടെ ഒഴുകിവീഴുന്ന ജലമർമ്മരം കേട്ട് ഓർക്കുന്നുണ്ട്. ഈ ബാവലി ആദിവാസികളുടെ ജീവിതസന്ദർഭങ്ങളുടെ മൂകസാക്ഷിയാണെന്നു നോവലിസ്റ്റ് നേരിട്ട് ആഖ്യാനം ചെയ്യുന്നുണ്ട്.

മണ്ണിന്റെ മാസ്മരികത കണ്ട് വയനാട്ടിലെത്തുന്ന മേലാളന്, ബാവലി, കാട്ടിലെ കറുത്ത വളക്കൂറുള്ള മണ്ണിനെ അപഹരിച്ച് നാടുകടത്തുന്ന സാമർത്ഥ്യക്കാരിയാണ്. ബാവലിയുടെ പ്രവാഹം അയാൾക്ക് അഹങ്കാരക്കുതിപ്പാണ്. [27]

'നെല്ലി'ലെ ബാവലിയെപ്പോലെ 'കൂമൻകൊല്ലി'യിലെ കാളിന്ദി ബന്ദിക്കു കൂട്ടുകാരിയാണ്. അവളുടെ മനസ്സ് നടത്തുന്ന സ്വപ്നാടനങ്ങൾക്കു കാളിന്ദി സാക്ഷിയാണ്. അവസാനം ബന്ദി തകർന്ന സ്വപ്നങ്ങളോടൊപ്പം, തന്നേയും കാളിന്ദിയിൽ സമർപ്പിക്കുമ്പോൾ അതുവരെ ചിരിച്ചു പതഞ്ഞ് ഓടിപ്പോകുന്ന കാളിന്ദി കരിങ്കല്ലിൽ കാലിടറി വീണു കരയുന്നു എന്നു രേഖപ്പെടുത്തുന്നുണ്ട്.

'ആഗ്നേയ'ത്തിൽ കാളിന്ദി നീന്തിക്കടന്നു കുങ്കുമക്കല്ല് അരച്ചു തൊട്ടാലുള്ള പുണ്യത്തെക്കുറിച്ച് പറയുന്നുണ്ട്. പായൽ മൂടിക്കിടക്കുന്ന കാളിന്ദിയിലെ അസ്പൃശ്യമായ കുങ്കുമക്കല്ലിന്റെ നൊമ്പരത്തോട്, മകൻ മനസ്സിലാക്കാത്ത തന്റെ ജീവിത സംഘർഷങ്ങളെ നങ്ങേമ അഭേദത്തിൽ ബന്ധിപ്പിക്കുന്നു. ഈ മകൻ 'കൂമൻകൊല്ലി'യിൽ അനാഥമായി കിടക്കുന്ന

വീട്ടിലേക്കു തിരിച്ചെത്തുന്നുണ്ട്. രാത്രിയിൽ കാളിന്ദിയുടെ ഒഴുക്കിന്റെ ശബ്ദം കേൾക്കുമ്പോൾ മകന് അത് അമ്മയുടെ ഗദ്ഗദസ്വരമായി തോന്നുന്നു.

തിരുനെല്ലിയിലെ പാപനാശിനി തീർത്ഥാടകരുടെ പുണ്യസ്ഥാനമാണ്. സഞ്ചാരിയായി തിരുനെല്ലിയിൽ എത്തുന്ന 'നെല്ലി'ലെ രാഘവൻ നായർ മറ്റെവിടേയും കണ്ടെത്താനാകാത്ത ഈശ്വരസാന്നിധ്യം പാപനാശിനിയിൽ അനുഭവിച്ചറിയുന്നു. ഗംഗയിലേയും യമുനയിലേയും ജലം രുചിച്ചുനോക്കിയിട്ടുള്ള രാഘവൻ നായർക്ക് പാപനാശിനിയിലെ ജലം മാത്രമാണ് യഥാർത്ഥ തീർത്ഥമായി തോന്നുന്നത്.

റോസ്മേരി നഴ്സിംഗ് പഠിക്കാനെത്തുന്ന നഗരത്തിലെ ആശുപത്രിയുടെ തൊട്ടരികിലൂടെയാണ് ഗംഗ ഒഴുകുന്നത്. റോസ്മേരിക്കു തൊട്ടടുത്ത് നിന്നു കാണാൻ ആഗ്രഹമുണ്ടായിട്ടും അതിന് സ്വാതന്ത്ര്യം നൽകാത്ത ഗംഗ; ഒഴുകുന്നത്, ഒഴുകേണ്ടത് ഭൂമിയിലൂടെയല്ല ഹൈന്ദവ മനസ്സുകളിലൂടെയാണ്, മരണവും ദഹനവും വ്യാപാരമാണ് എന്നിങ്ങനെ പല പുതിയ പാഠങ്ങളും അവളെ പഠിപ്പിക്കുന്നുണ്ട്. എങ്കിലും ജാലകക്കാഴ്ചയായും ഈറൻ കാറ്റിന്റെ സ്പർശനമായും റോസ്മേരി അറിയുന്ന ഗംഗ, നിസ്സംഗയും സർവ്വംസഹയും, അഴുക്കിനെ അലിച്ച് പരിസരം ശുദ്ധീകരിക്കുന്നവളുമാണ്.

ജലത്തിലും ഈശ്വരസാന്നിധ്യമറിയുന്ന ആദിവാസിക്കു വേണ്ടതെല്ലാം പുഴ നൽകുന്നു. തന്റെ മുന്നിലൂടെ ഒഴുകുന്ന പുഴകളെ ഭൂതത്താൻ മലയിലെ ഭഗവതിയുടെ നീട്ടിയ നാലു കരങ്ങളായാണ് കുങ്കൻ വിശദീകരിക്കുന്നത്[28]. പ്രാണവായുവേക്കാൾ വിലപ്പെട്ടതാണ് ജലം. വീട്ടുമുറ്റത്തെ കിണറ്റിലെ വെള്ളത്തിനുമുണ്ട് ഈ പ്രാധാന്യം. കൊടിയ വേനലിലും വറ്റാത്ത കിണറാണ് ആര്യങ്കോട്ടു തറവാട്ടിലേത്. "അമ്മ അതിനു കാവൽ നിൽക്കും, വെള്ളമന്വേഷിച്ചു വരുന്നവർക്ക് അമ്മതന്നെ കോരിക്കൊടുക്കും. കാരണം കുടവുമായി വരുന്ന കൈകൾ അശുദ്ധമാണെങ്കിലോ"...[29]

വറുതിയിൽ നിശ്ചയമായും പങ്കുവയ്ക്കേണ്ടതാണ് ജലം. എങ്കിലും പുറമെ നിന്നുള്ളവരുടെ ഇടപെടലുകൾ ജലത്തെ മലിനമാക്കാനുള്ള സാധ്യതകളെ ദീർഘദർശനം ചെയ്തു ജാഗരൂകയായി ജലത്തിനു കാവൽ നിൽക്കുന്ന അമ്മ ജലമലിനീകരണം ഏറ്റവും വലിയ

പ്രതിസന്ധിയായ വർത്തമാനകാലത്തിൽ ഏറെ പ്രസക്തയാകുന്നു.

വത്സലയുടെ നോവലുകളിലെ ജലപരാമർശങ്ങൾ ജലത്തെ, അശുദ്ധമാക്കരുതാത്ത പ്രകൃതിയുടെ കനിവിന്റെ ഉറവകളായി അടയാളപ്പെടുത്തുന്നു.

### 2.7.1.4. ജീവജാലങ്ങൾ

മനുഷ്യരചനകളിൽ പക്ഷിമൃഗാദികൾ എന്നുമുണ്ട്. ആദിമ മനുഷ്യൻ തനിക്കു ഭീഷണിയായവ/അല്ലാത്തവ എന്നീ വിപരീതങ്ങളിലൂടെയാണ് ജീവജാലങ്ങളെ വിലയിരുത്തിയിരുന്നത്. ആദിമനുഷ്യന്റെ ആയുധങ്ങളും ആവസിച്ചിരുന്ന ഗുഹകളിൽ അവൻ ആലേഖനം ചെയ്ത ചിത്രങ്ങളും ഈ നിലപാടുകളെ വ്യക്തമാക്കുന്നു. കാർഷികവൃത്തി മനുഷ്യനു ജീവജാലങ്ങളോടുള്ള കാഴ്ചപ്പാടിൽ മറ്റൊരു സൂത്രവാക്യമുണ്ടാക്കി. തങ്ങൾക്കുള്ള ഉപയോഗിതയായിരുന്നു ഇതിന്റെ അടിസ്ഥാനം. പുതിയ കണ്ടുപിടുത്തങ്ങളും, ശാസ്ത്രപുരോഗതിയും, മൂർച്ചയേറിയ ആയുധങ്ങളും നൽകിയ ധൈര്യവും ധാർഷ്ട്യവും പേടിക്കേണ്ട മൃഗങ്ങൾ എന്ന സങ്കല്പം തന്നെ ഇല്ലാതാക്കി. സാഹിത്യത്തിലും കാലാകാലങ്ങളിൽ മാറിമാറിവന്ന ഈ മനോഭാവങ്ങളുടെ പ്രതിഫലനങ്ങൾ കാണാം. കേവലയുക്തിക്കപ്പുറം മനുഷ്യന്റെ സ്വപ്നങ്ങളും ഭാവനകളും നിറഞ്ഞ സാഹിത്യലോകത്തിൽ പക്ഷിമൃഗാദികളുടെ വൈചിത്ര്യമാർന്ന ഒരു ലോകമുണ്ട്. ലോകത്തിലെമ്പാടുമുള്ള ബാലസാഹിത്യങ്ങൾ ഇതിനു ദൃഷ്ടാന്തമാണ്. പഞ്ചതന്ത്രം കഥകളിലും ഈസോപ്പു കഥകളിലും മനുഷ്യരെപ്പോലെ സംസാരിക്കുകയും ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന പക്ഷിമൃഗാദികളാണ് കഥാപാത്രങ്ങൾ. തത്തയെക്കൊണ്ട് കഥ പറയിച്ചുതുടങ്ങിയ കാവ്യപാരമ്പര്യമാണ് മലയാളത്തിന്റേത്. ഇതിനെ തുടർന്ന് പറഞ്ഞും പറയിച്ചും വർണ്ണിച്ചും കിളികൾ കഥയിലും കവിതയിലും നിരന്തരമായി ചേക്കേറിയിരിക്കുന്നു. മനുഷ്യന്റെ ഗാർഹിക പരിസരങ്ങളിലെ അടുത്ത സഹായികളെന്ന നിലയിൽ മൃഗങ്ങളും സാഹിത്യത്തിൽ സുപരിചിതരാണ്. പൊൻകുന്നം വർക്കിയുടെ 'ശബ്ദിക്കുന്ന കലപ്പ', ലളിതാംബിക അന്തർജ്ജനത്തിന്റെ 'മാണിക്യൻ', തകഴിയുടെ 'വെള്ളപ്പൊക്കത്തിൽ', ടി. പത്മനാഭന്റെ 'ശേഖുട്ടി', എം.പി. നാരായണപ്പിള്ളയുടെ 'പരിണാമം', എം.ടി.യുടെ 'ഷെർലക്' എന്നിങ്ങനെ മൃഗങ്ങൾക്കു പ്രാമുഖ്യമുള്ള ധാരാളം രചനകൾ മലയാളത്തിലുണ്ട്.

വത്സലയുടെ നോവലുകളിലും സമൃദ്ധമായ ജീവജാല സാന്നിധ്യമുണ്ട്. 'ആഗ്നേയം', 'നെല്ല്' എന്നീ നോവലുകളിൽ ഏറെ പരാമർശിക്കുന്ന മൃഗം ആനയാണ്. ഇതാകട്ടെ, ജീവനും സ്വത്തിനും ഭീഷണിയായ, പേടിപ്പെടുത്തുന്ന സാന്നിധ്യമാണ്. നോവലുകളിലെ കഥാപാത്രങ്ങളായ മേലാളരും കീഴാളരും ഏകാഭിപ്രായത്തിൽ വരുന്നത് ഒരുപക്ഷേ ആന യെക്കുറിച്ചുള്ള ഭയത്തിൽ മാത്രമാണ്. നെല്ല് പത്തായത്തിലാകുന്നതുവരെ മേലാളരേയും കാവൽകിടക്കുന്ന കീഴാളരേയും ആന ഒരുപോലെ ഉറക്കം കെടുത്തുന്നു. ദീർഘയാത്രക ളിൽ എത്തിച്ചേരേണ്ട ലക്ഷ്യസ്ഥാനത്തേക്കാൾ ഏവർക്കും ആനയുടെ ആക്രമണഭീഷണി തുടർച്ചിന്തയാകുന്നു. ഈ മൃഗം 'നെല്ലി'ൽ പലപ്പോഴും വിള കൊയ്തുപോകുന്നുണ്ട്. കള ത്തിലെ നെല്ല് അപഹരിക്കുകയും കാവൽക്കാരനെ വധിക്കുകയും ചെയ്യുന്നുണ്ട്. എന്നിട്ടും ഒറ്റക്കാലിൽ ചങ്ങലത്തുണ്ടും വ്രണവുമായി അലയുന്ന 'അവൻ' എന്ന ഒറ്റയാന നോവ ലിൽ ന്യായീകരിക്കപ്പെടുന്നു. കാട് തെളിയിച്ചെടുത്ത മനുഷ്യർ മൃഗങ്ങളുടെ നൈസർഗ്ഗിക ആവാസകേന്ദ്രങ്ങളാണ് കവർന്നെടുത്തത്. ഇങ്ങനെ സ്വന്തം ഇടങ്ങളിൽ നിന്നു വിരട്ടി യോടിക്കപ്പെട്ട മൃഗങ്ങളുടെ പ്രതിഷേധങ്ങളുടെ പ്രതീകമാണ് ഈ ഒറ്റയാൻ. മനുഷ്യരെ പ്പോലെ കുനുഷ്ടുപിടിച്ചതല്ല മൃഗങ്ങളുടെ മനസ്സ്. നിവൃത്തികേടിലെ അവ ഉപദ്രവിക്കൂ[30] എന്നു ഒരു കഥാപാത്രം 'നെല്ലി'ൽ പറയുന്നുണ്ട്.

വീട്ടുമൃഗങ്ങളെ കുടുംബാംഗങ്ങളെപ്പോലെ തന്നെ സ്നേഹിക്കുന്ന അച്ഛനാണ് 'തകർച്ച'യിലുള്ളത്. അച്ഛന്റെ വാത്സല്യപ്രകടനങ്ങൾക്ക് അനങ്ങാതെ നിന്നുകൊടുക്കുന്ന, അച്ഛനെ കണ്ടാൽ ചെവിയിളക്കി ഓടിവരുന്ന പൈക്കളെ മകൾ സരസു ഓർക്കുന്നുണ്ട്. പ്രസവിച്ചു കഴിഞ്ഞാൽ ആരെയും അടുപ്പിക്കാത്ത പശു പോലും അച്ഛന്റെ മുമ്പിൽ ശാന്ത യാകുന്നു. പശുക്കളെ കെട്ടിയിടുന്നതുപോലും ഇഷ്ടമില്ലാത്ത അച്ഛൻ പിണ്ണാക്കു വാങ്ങാൻ മാർഗ്ഗമില്ലാതായപ്പോൾ കുടുംബാംഗങ്ങളുടെ കഞ്ഞിയിൽ നിന്ന് ഒരോഹരി പൈക്കൾക്കു നൽകാൻ അമ്മയോട് പറയുന്നുണ്ട്. പൈക്കളെപ്പോലെ തന്നെ അച്ഛൻ സ്നേഹിച്ച് ഊട്ടിവ ളർത്തുന്ന ഒരുപറ്റം പൂച്ചകളുമുണ്ട്. ഉണ്ണാനിരുന്നാൽ വരിവരിയായിരിക്കുന്ന പൂച്ചകളേയും പിന്നെ കുട്ടികളേയും ഊട്ടിയിട്ടേ അച്ഛൻ ഊണു കഴിക്കൂ.

സമാനമായ ദൃശ്യം 'ആരും മരിക്കുന്നില്ല' എന്ന നോവലിൽ കാണാം. പശുക്കളുടെ ദാഹ

ത്തേയും വിശപ്പിനേയും കുറിച്ച് വേവലാതി കൊള്ളുന്ന ഇതിലെ വല്യേട്ടൻ അയൽപ്പക്കത്തെ ചാത്തുവിന്റെ മക്കൾക്കും ടൈഗർ എന്ന പട്ടിക്കും പൂച്ചകൾക്കും പക്ഷഭേദമില്ലാതെ ഭക്ഷണം വിളമ്പുന്നു. പശുക്കളുടേയും മറ്റ് മൃഗങ്ങളുടേയും ഭക്ഷണത്തിനുശേഷം മാത്രം ഊണുകഴിക്കുന്നു.

'ഗൗതമൻ' എന്ന നോവലിൽ ഗൗതമൻ അമ്മയുടെ അന്ത്യാഭിലാഷത്തിനായി അമ്മയുടെ ജന്മഗ്രാമം അന്വേഷിച്ച് ഇറങ്ങിത്തിരിക്കുന്നു. ഈ യാത്രയിൽ ഗൗതമന് ദിശാസൂചകങ്ങളാകുന്നത് ആ നാടിനെക്കുറിച്ചും വീടിനെക്കുറിച്ചുമുള്ള അമ്മയുടെ ഓർമ്മകളാണ്. അവസാനം ലക്ഷ്യത്തിലെത്തിച്ചേരുന്ന ഗൗതമൻ, അമ്മയുടെ മടിയിലിരുന്ന് വെയിൽകാഞ്ഞ് കോഴിക്കുഞ്ഞുങ്ങൾ ഉറങ്ങിയിരുന്ന മുറ്റം, അത്തിപ്പഴം തിന്നാൻ മാനുകളും മുയലുകളും ഓടിവരുന്ന മുറ്റം എന്നിങ്ങനെയാണ് വീടിനേയും പരിസരങ്ങളേയും നിരീക്ഷിക്കുന്നത്.

ഭർത്തൃഗൃഹത്തിലെ വീർപ്പുമുട്ടിക്കുന്ന ഏകാന്തതയിൽ 'ആരും മരിക്കുന്നില്ല'യിലെ ഗിരിജയ്ക്ക് ആശ്വാസമാകുന്നത് ജാലകക്കാഴ്ചകളാണ്. പ്രസംഗിക്കുന്ന കുരുത്തോലക്കിളിയും അണ്ണാന്മാരുമൊക്കെയായി ഒരു വലിയ സദസ്സ് ഗരിജയുടെ ജാലകത്തിനപ്പുറത്തുണ്ട്. 'റോസ്മേരിയുടെ ആകാശങ്ങ'ളിൽ നോവലിന്റെ അവസാനത്തിൽ ജനലിന്നപ്പുറം പീലി നിവർത്തിയാടുന്ന മയിലുകളെക്കുറിച്ച് പറയുന്നുണ്ട്. അതേ സമയം ജനലിന്നിപ്പുറത്ത് പുതിയ ജീവിതത്തെക്കുറിച്ച് ചിന്തിക്കുന്ന രണ്ട് വ്യക്തികളുമുണ്ട്. മയിൽ നൃത്തം അവരുടെ സ്വപ്നങ്ങളുടെ പ്രതീകമാകുന്നു.

മനുഷ്യരുടെ ജീവിത പരിസരങ്ങളോട് ചേർന്നു നിന്നും അവയുടെ ഘടകങ്ങളായും പ്രത്യക്ഷപ്പെടുന്ന പ്രകൃതി ചിത്രങ്ങളാണ് ഇവയെല്ലാം. സാഹിത്യത്തിലെ വർണ്ണ്യവസ്തു നിർമ്മിച്ചെടുക്കുന്ന പാരായണ പാഠങ്ങളല്ല ഇവ ഉണ്ടാക്കുന്നത്. നോവലിസ്റ്റിന്റെ ഭാവന പ്രകൃതിയുടെ പകർത്തിയെടുപ്പുകൾ നടത്തുന്നുണ്ടെങ്കിലും നോവലിൽ ഇവയുടെ സാന്നിധ്യത്തിനു ചില ലക്ഷ്യങ്ങളുണ്ട്. നോവലിസ്റ്റ് ഇവയെ കഥാപാത്രങ്ങളുടേയും ജീവിതസന്ദർഭങ്ങളുടേയും പ്രതീകങ്ങളായും തന്റെ ജീവിത ദർശനപാഠങ്ങളായും ഉപയോഗപ്പെടുത്തുന്നു.

## 2.7.2. ദുരന്തദൃശ്യങ്ങൾ

നോവലിൽ ആഖ്യാനം ചെയ്തിട്ടുള്ള പ്രകൃതിയുടെ കേവല ചിത്രീകരണങ്ങളെക്കുറിച്ചാണ് ഇതുവരെ വിശദീകരിച്ചത്. ഈ രീതിയിലല്ലാതെ പ്രകൃതിയും പ്രകൃതിഘടകങ്ങളും നേരിടുന്ന ദുരന്തങ്ങളുടെ ചിത്രീകരണങ്ങളായും വത്സലയുടെ നോവലുകളിൽ പ്രകൃതി പരാമർശങ്ങളുണ്ട്. മനുഷ്യന്റെ കടന്നുകയറ്റത്തിൽ വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾ, ദഹിച്ചില്ലാതെയാകുന്ന വനങ്ങൾ, വറ്റിവരളുന്ന നീരൊഴുക്കുകൾ, ആവാസം നഷ്ടപ്പെട്ട ജീവജാലങ്ങൾ– ഇങ്ങനെ ദുരന്തചിത്രങ്ങളുടെ നീണ്ട നിര 'നെല്ലിലും' 'കൂമൻകൊല്ലി'യിലും കാണാം.

മരണമോ ദുരന്തമോ രേഖപ്പെടുത്തുന്ന വിധത്തിൽ ദീനവും ദാരുണവുമായ ഭാഷ ഈ സന്ദർഭങ്ങളിൽ പ്രയോഗിച്ചിരിക്കുന്നു.

> *"ഇവിടെ മനുഷ്യർക്കു ശബ്ദമില്ല. വല്ലതും വിളിച്ചുപറയാനുള്ളത് ബലാത്സംഗം ചെയ്യപ്പെട്ട കുന്നുകൾക്കും, കുളിർമ്മ നഷ്ടപ്പെട്ട കാറ്റിനും വറ്റിവരണ്ട പുഴയ്ക്കുമാണ്"* [31]

എന്ന് 'കൂമൻകൊല്ലി'യിൽ സുനന്ദ എന്ന കഥാപാത്രം പറയുന്നുണ്ട്. ഒരു ജനതയുടെ വിശ്വാസങ്ങളിൽ, ആവാസവ്യവസ്ഥകളിൽ ജീവിതക്രമങ്ങളിൽ നടന്ന കയ്യേറ്റത്തിന്റെ ചരിത്രം ആമുഖമാകുന്ന 'കൂമൻകൊല്ലി'യുടെ ആഖ്യാനസ്വരം നിസ്വമാക്കപ്പെട്ട ഒരു വനസ്ഥലിയുടെ രോദനമാണെന്നു ഈ കഥാപാത്രം മുമ്പ് ഉദ്ധരിച്ച വാക്കുകളിലൂടെ രേഖപ്പെടുത്തുന്നു. കൂമൻകൊല്ലിയുടെ ആത്മാവറിയുന്ന മറ്റ് കഥാപാത്രങ്ങളായ സത്യനാരായണനും കൃഷ്ണൻ നമ്പീശനും അനന്തൻ മാഷും കൂമൻകൊല്ലിയിൽ കേൾക്കുന്നത് ഇതേ രോദനശബ്ദങ്ങൾ തന്നെയാണ്.

വനനശീകരണം സത്യനാരായണനും നമ്പീശനും വ്യഭിചാരവും ബലാത്സംഗവുമൊക്കെയാണ്. മരങ്ങൾ വെട്ടിമാറ്റിയ കുന്നുകൾ, നാൾതോറും വ്യഭിചരിക്കപ്പെടുന്ന, ഉടയാടകൾ കീറിപ്പറിഞ്ഞുപോയ മലനിരകളായാണ് ഇവർക്കു ദൃശ്യമാകുന്നത്. വനത്തിലേയ്ക്കു പശുവിനെ അന്വേഷിച്ചു ചെല്ലുന്ന സത്യനാരായണൻ തന്റെ ചുറ്റും കാണുന്ന വനനശീകരണത്തിന്റെ കാഴ്ച ഹൃദയഭേദകമാണ്. എരിയുന്ന

തീക്കുണ്ഡങ്ങൾ, പച്ചമരം വെന്ത മണം, എരിയുന്ന മരങ്ങളെ വലംവെച്ച് കുഞ്ഞിനെ മാറോടടുക്കി നാലുപാടും തിരിഞ്ഞുനോക്കി നടന്നുപോകുന്ന വെള്ളക്കുരങ്ങ്, കൂടു നഷ്ടപ്പെട്ട് മാനത്ത് ആർത്ത് കരഞ്ഞുപറക്കുന്ന പക്ഷികൾ, സത്യാനാരായണനെ സ്തംഭിപ്പിക്കുന്ന ഈ ദൃശ്യം ഖാണ്ഡവദഹനത്തെ അനുസ്മരിപ്പിക്കുന്നു.

വനത്തിന്റെ ജൈവവൈവിധ്യമാണ് അതിന്റെ നൈസർഗ്ഗികത. വ്യാപാരതാൽപര്യങ്ങൾ ജൈവവൈവിധ്യത്തിനു പകരം തേക്കും യൂക്കാലിയുമായി വളർത്തുകാടുകൾ വെച്ചുപിടിപ്പിച്ചപ്പോൾ വ്യവസ്ഥകളെല്ലാം ശിഥിലമായി. തിരുനെല്ലിയിൽ മഴക്കാലം നഷ്ടമാകുന്നതും ചൂടുകനക്കുന്നതും കൂപ്പുകളിൽ നിന്ന് ഓടിക്കപ്പെട്ട മൃഗങ്ങൾ കൂടുതൽ വീറോടെ പകയോടെ താഴ്വരകളിലേക്കിറങ്ങി വരുന്നതും വിപരീതാവസ്ഥകളായി 'നെല്ലി'ൽ സൂചിപ്പിക്കുന്നു.

കാടെരിക്കുന്നവർ പല രീതിയിൽ നഷ്ടപ്പെടുത്തുന്നത് ആദിവാസിയുടെ സ്വത്തുക്കളാണ്. കറുപ്പുമരങ്ങൾ വെട്ടിമാറ്റിയതിനാൽ അവനു ചീനിക്ക പെറുക്കാനാകുന്നില്ല. താഴ്വരയിൽ നിന്നു വന്നവർ നഞ്ചു കലക്കിയും തിര പൊട്ടിച്ചും പുഴയിലെ മീനുകളെ മുടിപ്പിച്ചു. ആദിവാസിക്കു വേണ്ടതത്രയും നൽകിയിരുന്ന ബാവലി അങ്ങനെ മച്ചിയായി. മലകയറാൻ പോയി വെള്ളം കിട്ടാതെ അണ്ണാക്ക് വരണ്ട് തളർന്നു പാടത്തു വീണ പോത്തിന്റെ ദൈന്യമാർന്ന കണ്ണുകൾ, 'കൂമൻകൊല്ലി'യിൽ കാടെരിച്ചവർ വറ്റിച്ചുകളഞ്ഞ ചോലകളെക്കുറിച്ച് സംസാരിക്കുന്നു.

പ്രകൃതിയെ വർണ്ണിക്കുകയോ അതിന്റെ നാശം ചിത്രീകരിക്കുകയോ ചെയ്യുന്നതുകൊണ്ട് ഒരു കൃതി, പരിസ്ഥിതി പാഠങ്ങൾ ഉൾക്കൊള്ളുന്ന ഒന്നാകുന്നില്ല. അതിനു പ്രകൃതി നാശത്തിന്റെ സാമൂഹ്യരാഷ്ട്രീയ ഭൂമികകളെക്കുറിച്ച് അന്വേഷിക്കുകയും അവയെ അപഗ്രഥിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും വേണം. ഇത്തരമൊരു കൃതിയിലൂടെ ഗ്രന്ഥകർത്താവിന്റെ പരിസ്ഥിതി ദർശനം വായിച്ചെടുക്കാം.

തുടർന്ന്, മേൽ വിശദീകരിച്ച പ്രകൃതി ചിഹ്നങ്ങളും കഥാപാത്രങ്ങളുടെ ക്രിയാപദ്ധതികളും അപഗ്രഥിച്ച് നോവലിസ്റ്റിന്റെ പരിസ്ഥിതി ദർശനം കണ്ടെത്തുന്നു.

## 2.8. നോവലിസ്റ്റിന്റെ പരിസ്ഥിതി ദർശനങ്ങൾ

### 2.8.1. സാകല്യം

പരിസ്ഥിതി ദർശനങ്ങളിൽ ഭാരതീയ തത്ത്വങ്ങളാണ് തനിക്കു ദിശാബോധം നൽകിയതെന്നു നോവലിസ്റ്റ് പറയുന്നു [32]. പൗരസ്ത്യ പ്രകൃതിചിന്തയിൽ ഏറ്റവും പ്രധാനം പ്രകൃതിയെ അതിന്റെ സാകല്യത്തിൽ കാണുക എന്നതാണ്. വലുത് - ചെറുത്, മനുഷ്യൻ - മൃഗം എന്നീ ഭേദഭാവങ്ങളിൽ നിന്നു മുക്തനാകുമ്പോഴാണ് ഒരാൾ വിശുദ്ധ വിജ്ഞനാകുന്നത് എന്നു പറയുന്ന ഭഗവദ്ഗീത പണ്ഡിതനെ നിർവചിക്കുന്നത്:

> *"ബ്രാഹ്മണനെയും ചണ്ഡാലനേയും പശുവിനേയും ആനയേയും സമദൃഷ്ടിയോടെ കാണുന്നവൻ"* [32] എന്നാണ്.

ഉപഭോഗസംസ്ക്കാരം എന്തിനേയും ഉപയോഗിതയുടെ അടിസ്ഥാനത്തിൽ നിജപ്പെടുത്തുന്നു. മൂല്യങ്ങളിൽ വന്ന ഈ വ്യതിയാനം മനുഷ്യരും പ്രകൃതി ഘടകങ്ങളും തമ്മിൽ, മനുഷ്യർ തമ്മിൽത്തമ്മിൽ ഉള്ള ബന്ധങ്ങളിൽ വലിയ വിടവുകൾ സൃഷ്ടിച്ചു.

വീടിനു മുൻപിൽത്തന്നെ തൊഴുത്തുപണിയുകയും പശുക്കളെ കണികണ്ടുണരുകയും ചെയ്യുന്ന മലയാളിക്കു പശുക്കൾ കുടുംബാംഗങ്ങൾ തന്നെയാണ്. പുതിയ തലമുറ ഈ ബന്ധങ്ങളെ നിരാകരിക്കുന്നു. പൂങ്കുന്നം തറവാട്ടിലെ പുതിയ കാരണവർസ്ഥാനം സ്വയം ഏറ്റെടുത്ത ഗംഗാധരൻ മാരാർക്ക്, ആവശ്യത്തിന് പാൽ തരാത്ത പശുക്കളെ പോറ്റുന്നതു പാഴ്ച്ചിലവാണ്.

> *"നാലു പൈക്കളെ കറന്നിട്ട് നാനാഴിപ്പാല് തികച്ചും കിട്ടുന്നില്ലെങ്കിൽ നാലു പെറ്റ പെണ്ണുങ്ങൾക്കു തീറ്റ കൊടുക്കുകയാ ഇതിലും ഭേദം''.* [34]

ഉർവ്വരതയെ, സ്ത്രൈണതയെ, പശുവിനെ ദേവതയായി കാണുന്ന സംസ്ക്കാരത്തെ, എല്ലാം ഒരുപോലെ അവഹേളിക്കുന്നു ഗംഗാധരന്റെ ഈ വാക്കുകൾ. ഉപയോഗശൂന്യമായതെല്ലാം ഉപേക്ഷിക്കേണ്ടതാണെന്ന പുതിയ ലോകതത്ത്വം പൂങ്കുന്നത്തെ തറവാട്ടമ്മയായ ചിന്നമ്മു ബ്രാഹ്മണി അമ്മയ്ക്കു അന്യമാണ്.

"നെല്ലും കാപ്പിയും കായ്കറികളും വിറ്റൊഴിക്കുമ്പോലെ കന്നുകാലികളെ വിൽക്കാൻ പറ്റുമോ''.[35]

എന്ന് അവർ പരിഭ്രമിക്കുന്നു. അവസാനം മരുമകനായ ഗംഗാധരൻ തന്റെ തീരുമാനം നടപ്പിലാക്കുമ്പോൾ അവർ കാലികൾ നടന്നകലുന്ന കുളമ്പടിയൊച്ച കേൾക്കാതിരിക്കാനായി മണ്ടകത്തിനകത്തിരുന്ന് കരഞ്ഞ് പ്രാർത്ഥിക്കുന്നു.

സമാനമായ രംഗം 'തകർച്ച'യിലും കാണാം. കുടുംബാംഗങ്ങളേയും വീട്ടുമൃഗങ്ങളേയും ഒരുപോലെ പരിരക്ഷിച്ചുവന്നിരുന്ന അച്ഛൻ പശുവിന്റെ അബദ്ധത്തിലുള്ള കുത്തേറ്റ് കിടപ്പിലാകുന്നു. ഈ സന്ദർഭത്തിൽ അച്ഛന്റെ സഹോദരൻ ആദ്യം ചെയ്യുന്നത് ഒരു ഉപകാരത്തിനും പറ്റാത്ത പൈക്കളെ വിറ്റൊഴിക്കുകയാണ്. പക്ഷെ പ്രസവിക്കാത്ത, പാലുതരാത്ത, തന്നെ കുത്തിയ, പശുവിനെ ഉപേക്ഷിക്കാൻ അച്ഛനു കഴിയുമായിരുന്നില്ല. കിടപ്പിലും അച്ഛൻ അവരെക്കുറിച്ച് അന്വേഷിക്കുന്നു. തിരിച്ച് വീട്ടിലെത്തിയപ്പോൾ കണ്ട ശൂന്യമായ തൊഴുത്ത് അച്ഛനെ മറ്റൊരാളാക്കുന്നു. ഉപയോഗിതയിലൂന്നുന്ന പുതിയ നിയമാവലികൾ അച്ഛനെ നിശ്ശബ്ദനാക്കുന്നു.

ഉപഭോഗസംസ്ക്കാരത്തിന്റെ കടന്നുകയറ്റത്തിൽ കരഞ്ഞും നിശ്ശബ്ദരായും നിഷ്ക്രിയരാകുന്ന മേല്പറഞ്ഞ രണ്ടു കഥാപാത്രങ്ങൾക്കും ബദലായി ചൂണ്ടിക്കാണിക്കാവുന്ന കഥാപാത്രമാണ് 'കൂമൻകൊല്ലി'യിലെ സത്യനാരായണൻ. പശുവിനെ അന്വേഷിച്ച് കാട്ടിലേയ്ക്കു പോകുന്ന സത്യനാരായണൻ വനനശീകരണം വരുത്തിവെച്ച ഭീകരതകൾ നേരിൽകാണുന്നു. ആവാസം നഷ്ടപ്പെട്ട കുരങ്ങിനേയും പക്ഷികളേയും കണ്ട് ദുഃഖിതനാകുന്ന സത്യനാരായണൻ കൂടു നഷ്ടപ്പെട്ട പറക്കമുറ്റാത്ത കൂമൻകുഞ്ഞിനേയും കൊണ്ട് കാടിറങ്ങി വരുന്നു. പശുവിനു പകരം കൂമൻകുഞ്ഞുമായി എത്തുന്ന സത്യനാരായണൻ ഉപയോഗ സാധ്യതകളിലൂടെ ജീവജാലങ്ങളെ മൂല്യനിർണ്ണയം ചെയ്യുന്ന ഉപഭോഗസംസ്കൃതിയിൽ നിന്നും വിഘടിച്ചുനിൽക്കുന്നു. ഗഹനപരിസ്ഥിതി വാദത്തിലെ, മനുഷ്യന്റെ ആവശ്യങ്ങൾക്കതീതമായി ജീവജാലങ്ങളുടെ അസ്തിത്വം അംഗീകരിക്കുക എന്ന തത്ത്വമാണ് സത്യനാരായണൻ പ്രാവർത്തികമാക്കുന്നത്. കരയുകയും നിശ്ശബ്ദനാകുകയും ചെയ്യുന്ന മറ്റ് രണ്ട്

കഥാപാത്രങ്ങളുടെ മാനസിക വ്യാപാരങ്ങളെ ഭരിക്കുന്നതും ഇതേ തത്ത്വം തന്നെയാണ്.

ഭൂമിയിൽ ജീവിക്കാനുള്ള അവകാശം ഏവർക്കും തുല്യമാണ്. ജീവജാലങ്ങളുടെ ഈ അവകാശത്തെ, സ്വന്തം സാമ്രാജ്യങ്ങളിൽ ഇടം നൽകിക്കൊണ്ട് ഗൗതമനും അപ്പുവും പുനഃസ്ഥാപിക്കുന്നുണ്ട്.

*"എന്റെ വീടിപ്പോൾ ഇവിടത്തെ എലികളുടേതും മരപ്പട്ടികളുടേതുമാണ്. ഞാനിവിടെ വെറുമൊരു അന്യൻ. ദീർഘകാലമായി ഇവിടെ കഴിഞ്ഞു കൂടുന്നവരെ കുടിയൊഴിപ്പിക്കാൻ എനിക്കെന്തധികാരം".*[36]

എന്ന് അപ്പുവും

*"പരസ്പരം തിന്നുകയും അതിജീവിക്കുകയും ചെയ്യുന്നവരിലൊരാൾ തന്നല്ലോ ഈ ഗൗതമനും".*[37]

എന്നു ഗൗതമനും തങ്ങളുടെ ഭൂമയിലെ അസ്തിത്വത്തേയും അധികാരത്തേയും സ്വയം പരിമിതപ്പെടുത്തുന്നുണ്ട്.

വനത്തിന്റെ ഒരു ഭാഗമായി മാറിയ കുങ്കനും പരിസരജീവികളും പുലർത്തുന്ന പാരസ്പര്യത്തിൽ ഇതേ നീതിയുടെ ജ്വലനം തന്നെയാണ് ദർശിക്കാനാകുന്നത്. കുങ്കന്റെ സാമ്രാജ്യത്തിലേക്ക് അതിക്രമിച്ച് കടക്കുന്നവരെ ലക്ഷോപലക്ഷം മണ്ണട്ടകളും, മലയണ്ണാന്മാരും, തേനീച്ചകളും താക്കീതു ചെയ്യുന്നു. ഇവരോരുത്തരും കുങ്കന്റെ സ്നേഹിതരാണ്. തേനീച്ചകൾ കുങ്കന്റെ കൈകളിൽ വന്നിരിക്കുന്നതു കുത്താനല്ല. മഴച്ചാറ്റൽ വന്നോ എന്ന് അന്വേഷിക്കാനാണ്. ആദിവാസിയും നിരക്ഷരനുമായ കുങ്കൻ ഈ സഹവർത്തിത്വത്തിലൂടെ ഭഗവദ്ഗീതയിൽ പരാമർശിക്കുന്ന വിശുദ്ധ വിജ്ഞനായിത്തീരുന്നു.

*"ഷഡ്പദങ്ങൾക്കോ ശലഭങ്ങൾക്കോ വേണ്ടി മനുഷ്യൻ വിപ്ലവം നയിക്കേണ്ടതില്ല, പക്ഷെ അവയ്ക്കു ജൈവഘടനയിൽ അർഹമായ പ്രാതിനിധ്യം നൽകേണ്ട ധാർമ്മികത മനുഷ്യനുണ്ടെന്ന തിരിച്ചറിവ് തന്നെ ധാരാളമായി"*[38]

എന്ന അഭിപ്രായം ഇവിടെ പ്രസക്തമാകുന്നു.

പൗരസ്ത്യദർശനങ്ങളിൽ അഹിംസാ സിദ്ധാന്തത്തിനു വളരെ പ്രാധാന്യവും പ്രസക്തിയുമുണ്ട്.

> *"തന്റെ സുഖത്തിനായിട്ട് യാതൊരുത്തൻ നിരുപദ്രവകാരികളായ മാൻ മുതലായ ജന്തുക്കളെ ഹിംസിക്കുന്നുവോ അവൻ ഇഹലോകത്തും പര ലോകത്തും സുഖമായി വൃദ്ധി പ്രാപിക്കുകയില്ല"* [39]

എന്ന് മനുസ്മൃതി ഇതേ വസ്തുത തന്നെ ധർമ്മപദവും ചൂണ്ടിക്കാണിക്കുന്നു.[40] ജൈന മതത്തിൽ മൃഗങ്ങളെ അറിഞ്ഞോ അറിയാതേയോ ദ്രോഹിക്കുന്നതും ഭക്ഷണം നൽകാതിരിക്കുന്നതും അശ്രദ്ധയോടെ കെട്ടിയിടുന്നതുപോലും ഹിംസയാണ്. ഹിംസ, യുക്തമായ ശിക്ഷ അർഹിക്കുന്നു.

'നെല്ലി'ലും, 'ആഗ്നേയ'ത്തിലും വെടിക്കാരൻ ജോസഫ് നടത്തുന്ന നായാട്ടുകളെക്കുറിച്ച് പരാമർശമുണ്ട്. വിള തിന്നാനെത്തുന്ന പന്നികളെ ഹിംസയുടെ തന്നെ ഏറ്റവും കുറഞ്ഞ ന്യായം പോലും ഇല്ലാതെ പ്രാകൃതമായി കൊല്ലുന്നവൻ, മീൻ പിടിക്കാൻ പുഴയിലും വെടി പൊട്ടിക്കുന്നവൻ - ഇങ്ങനെയെല്ലാം നോവലുകളിൽ പ്രത്യക്ഷപ്പെടുന്ന ജോസഫിന് 'ആഗ്നേയ'ത്തിൽ ഒരു താക്കീതെന്നപോലെ മൃഗങ്ങളെ കൊന്നൊടുക്കിയ കൈ അതേ വെടി മരുന്നുകൾ കൊണ്ടുതന്നെ നഷ്ടമാകുന്നു.

ചുരുക്കത്തിൽ പ്രകൃതിയെ സാകല്യത്തിൽ വിലയിരുത്തേണ്ട ഒന്നാണെന്ന പൗരസ്ത്യ സങ്കല്പവും ജീവജാലങ്ങളുടെ വൈവിധ്യവും മൂല്യവും അംഗീകരിക്കുക എന്ന ഗഹനപരിസ്ഥിതി തത്ത്വശാസ്ത്രവും ഈ പ്രകരണത്തിൽ നോവലിസ്റ്റ് സ്വാംശീകരിച്ചിരിക്കുന്നു.

### 2.8.2 ഭൗമ സദാചാരം

> *"തന്നിൽ അധിവസിക്കുന്ന ഏവർക്കും ആവശ്യമായതു നൽകുക എന്നതു പ്രകൃതിയുടെ അടിസ്ഥാന സ്വഭാവമാണ്. ഓരോരുത്തരും തങ്ങൾക്കാവശ്യമുള്ളത് മാത്രം പ്രകൃതിയിൽ നിന്നു സ്വീകരിക്കുമ്പോൾ ഈ ലോകത്തിൽ ദാരിദ്ര്യം ഉണ്ടാകുന്നില്ല"* [41]

എന്നു ഗാന്ധിജി. പ്രത്യക്ഷത്തിൽ മനുഷ്യകേന്ദ്രിതം എന്നു തോന്നിക്കുന്ന പരിസ്ഥിതി വീക്ഷണമാണെങ്കിലും പ്രകൃതിയെ ഉപയോഗിക്കുമ്പോൾ മനുഷ്യൻ അനുഷ്ഠിക്കേണ്ട ധാർമ്മികതയും സദാചാരങ്ങളുമാണ് ഗാന്ധിജിയുടെ വാക്കുകൾ ഓർമ്മപ്പെടുത്തുന്നത്.

*"സ്വന്തം ഉദരം പുലർത്തുവാനാവശ്യമുള്ളതിലും കവിഞ്ഞുള്ള ധനത്തെ ഉന്നുന്നവൻ ചോരനും ദണ്ഡ്യനുമാണ്"* [42]

എന്ന ഭാഗവതവാക്യം ഇവിടെ സ്മരിക്കാം. പ്രകൃതിയിൽ നിന്നും സ്വീകരിക്കുന്നതെല്ലാം തിരിച്ചു കൊടുക്കേണ്ടതാണ്. ചാക്രികത സഹജ സ്വഭാവമായ പ്രകൃതി അതെല്ലാം വീണ്ടും നൽകുകയും ചെയ്യും. എന്നാൽ ഇന്ന് മനുഷ്യൻ പ്രകൃതിയിൽ നിന്നു നന്മകൾ സ്വീകരിക്കുകയും വിഷ ലിപ്തമായ മാലിന്യങ്ങൾ പ്രകൃതിയിൽ നിക്ഷേപിക്കുകയും ചെയ്യുന്നു.

ആവശ്യത്തിന് അതീതമായി പ്രകൃതിയെ ഉപയോഗപ്പെടുത്തുമ്പോൾ അത് ചൂഷണമായി മാറുന്നു. ഗാന്ധിജിയുടെ ഈ പരിസ്ഥിതി ദർശനം ആദിവാസിയുടെ അലിഖിത നിയമ മാണ്. മണ്ണിൽ നിന്നു കിട്ടുന്നതെല്ലാം പങ്കിട്ടുമാത്രം ഭക്ഷിക്കുന്ന ആദിവാസി ഏതു കടുത്ത വറുതിയിലും ഭൂമിയോട് ചെയ്യേണ്ട ഇത്തരം ന്യായങ്ങളെ മറികടക്കുന്നില്ല. വെറും വെള്ളം മാത്രം കുടിച്ച് ജീവൻ നിലനിർത്തുന്ന പട്ടിണിനാളുകളിലൊന്നിൽ ഭാര്യ അറുത്തുകൊ ണ്ടുവന്ന മത്തനിലകളെ കണ്ട് ഇത്രയധികം ഇലകൾ നുള്ളിയത് നന്നായില്ലെന്നാണ് ചുണ്ടെലി ചിന്തിക്കുന്നത് [43]. കാരണം മണ്ണിൽ നിന്നു ഒരു കൂമ്പ് മുളച്ചുവരാൻ എത്ര അദ്ധ്വാ നിക്കണം. മണ്ണ് ശ്രദ്ധാപൂർവ്വം ചെലവഴിക്കേണ്ടതാണെന്നും മണ്ണിനെ അങ്ങോട്ട് സ്നേഹി ച്ചാലേ ഇങ്ങോട്ട് കനിയൂ എന്നും ഈ തത്ത്വത്തിൽ നിന്നു കൊണ്ട് മണ്ണിനോട് പുലർത്തേണ്ട ന്യായങ്ങളായി നോവലിസ്റ്റ് വിശദീകരിക്കുന്നുണ്ട്.

തേനൊരുക്കാത്ത വൻമരങ്ങളും കിഴങ്ങുകളെ നിഗൂഢതയിൽ ഒളിപ്പിച്ച് കനിയാതെ നിൽക്കുന്ന കാടും മച്ചിയായ ബാവലിയും ലാഭം കൊതിച്ച് കാടും മണ്ണും കൊള്ളയടിച്ച മനുഷ്യരോട് പ്രകൃതി നടത്തുന്ന പ്രതിക്രിയകളായി ആഖ്യാനം ചെയ്യപ്പെടുന്നു.

മണ്ണിൽ നടത്തുന്ന പ്രവർത്തനമായതുകൊണ്ട് കൃഷിയിലും ഈ ധാർമ്മികത നില നിർത്തേണ്ടതുണ്ട്.

### 2.8.2.1. കാർഷിക വൃത്തിയിലെ ധാർമ്മികത

മനുഷ്യന്റെ പുരോഗമനചരിത്രത്തിലെ നിർണ്ണായകമായ ഒരു വഴിത്തിരിവാണ് കാർഷിക വ്യവസ്ഥിതി. പ്രകൃതിക്കുമേലുള്ള മനുഷ്യന്റെ ആധിപത്യവും പ്രകൃതിയുടെ വഴങ്ങലുമാണ് കൃഷി പ്രതിനിധാനം ചെയ്യുന്നത്. മനുഷ്യകുലത്തിന്റെ പെരുപ്പം ഈ മെരുക്കിയെടുക്കൽ ആവശ്യപ്പെടുകയും ചെയ്തു. കാർഷിക വൃത്തിയെ പ്രകൃതിക്കു മേൽ നടത്തുന്ന കയ്യേറ്റമായി കാണാനാകില്ല. എങ്കിലും ഏതു പ്രവൃത്തിയിലും ആവശ്യമായ നൈതികത കൃഷിയിലും ദീക്ഷിക്കേണ്ടതുണ്ട്.

> *"ഞാൻ നിന്നിൽ നിന്നും ഖനനം ചെയ്തെടുക്കുന്നതു നിന്നിൽ വീണ്ടും നിറഞ്ഞു കുമിയട്ടെ... നിരാമയത്വം അരുളുന്ന അമ്മേ ഞാനേല്പിക്കുന്ന ക്ഷതം നിന്റെ മർമ്മബിന്ദുക്കളോളം നിന്റെ ഹൃദയത്തോളം തുളച്ചിറങ്ങാതിരിക്കട്ടെ."* [44]

എന്നു ഭൂമിയിൽ നടത്തുന്ന ഏതു ക്രിയയ്ക്കും മുൻപായി മനുഷ്യൻ ഭൂമിയോട് പ്രാർത്ഥിച്ചിരുന്നു. വിനമ്രമായ ഈ പ്രാർത്ഥനയിൽ നിഴലിക്കുന്ന നൈതികബോധം തന്നെയാണ് കൃഷിയിലും പ്രവർത്തിക്കേണ്ടത്.

ഋഗ്വേദത്തിലെ ക്ഷേത്രപരിസൂക്തം, പർജ്ജന്യസൂക്തം, പൃഥ്വീസൂക്തം അഥർവ്വവേദത്തിലെ കൃഷിസൂക്തം, അന്നസൂക്തം, വൃഷ്ടിസൂക്തം എന്നിവ വേദകാലഘട്ടത്തിലെ കൃഷിപരിജ്ഞാനത്തെ സൂചിപ്പിക്കുന്നു. ഇവയിൽ നിന്നെല്ലാം വ്യത്യസ്തമായി പരിസ്ഥിതിയുടെ തുലനം നഷ്ടപ്പെടുത്തുന്ന രീതിയിൽ കൃഷി മാറ്റിമറിക്കപ്പെട്ടത് പുരുഷൻ സ്ത്രീയിൽ നിന്നും കാർഷികവൃത്തി തട്ടിയെടുത്തതിനുശേഷമാണെന്നു സ്ത്രീവാദികൾ പറയുന്നു.വേട്ടയാടലുമായി അലഞ്ഞുതിരിഞ്ഞ ആദിമ മനുഷ്യനിൽ നിന്നും കുടുംബം എന്ന സ്ഥാപനം വരെയുള്ള മനുഷ്യചരിത്രം, സ്ത്രീ കൃഷി കൈകാര്യം ചെയ്തിരുന്ന കാലഘട്ടങ്ങൾ രേഖപ്പെടുത്തുന്നുണ്ട്. സ്വന്തമായി കൃഷിയിടങ്ങളുണ്ടായപ്പോഴാണ് സ്ഥിരമായ ഒരു ആവാസകേന്ദ്രം - വീട് - എന്ന സങ്കല്പം ഉരുത്തിരിഞ്ഞത്. വേട്ടയാടൽ എന്ന ഉപജീവനമാർഗ്ഗത്തിൽ നിന്നുംകൃഷി എന്ന പുതിയ ഉപജീവനമാർഗ്ഗത്തിലേയ്ക്കുള്ള മാറ്റം ത്വരിതമായിരു

ന്നില്ല. സ്ഥിരമായ ഇടങ്ങളിൽ കൃഷി പരീക്ഷിക്കുമ്പോഴും വേട്ടയാൽ തുടർന്നുവന്നു. അവിടെ നടന്ന തൊഴിൽ വിഭജനം കൃഷി സ്ത്രീയുടേയും വേട്ടയാൽ പരുഷന്റേയും കർമ്മ മേഖലയാക്കി. കൃഷിയിടങ്ങളുടെ കൈമാറ്റവും സ്ത്രീയിൽ നിന്നു സ്ത്രീയിലേക്കായിരുന്നു. ഗോത്രമായി ജീവിച്ചിരുന്ന മനുഷ്യൻ, അതിരുകൾ നിർണ്ണയിച്ച് കൃഷിയിടങ്ങൾ സ്വകാര്യ വത്ക്കരിച്ച ഘട്ടത്തിൽ മാതൃദായക്രമം, പിതൃദായക്രമത്തിനു വിഴിമാറിക്കൊടുത്തു. കൃഷി പ്രധാന ഉപജീവനമാർഗ്ഗമായപ്പോൾ ഇതനുസരിച്ച് കൃഷിയിടങ്ങളുടെ കൈകാര്യകർത്തൃത്വം പുരുഷൻ ഏറ്റെടുക്കുകയും ചെയ്തു.

ശാസ്ത്രപുരോഗതി, കൃഷിയിൽ കൃഷിയിടങ്ങളും കൃഷിക്കാരനും തമ്മിലുണ്ടായിരുന്ന ജൈവിക ബന്ധങ്ങളുടെ സ്ഥാനത്ത്, വിപണന ബന്ധങ്ങൾ കൊണ്ടുവന്നു. ഉൽപാദനം വർദ്ധിപ്പിക്കുവാനും ത്വരിതപ്പെടുത്തുവാനും ഉപയോഗിച്ചു തുടങ്ങിയ രാസവളങ്ങളും സങ്കരയിനം വിത്തുകളും കാർഷികവൃത്തിയുടെ എല്ലാ മൂല്യങ്ങളും നിരാകരിച്ചു. കൃഷിയിടങ്ങളുടെ ഉർവ്വരത നഷ്ടമായി. ഭൂമിയുടെ ഇത്തരം പ്രതിപ്രവർത്തനങ്ങളുടെ മുമ്പിൽ മനുഷ്യൻ നിസ്സഹായനാകുന്ന പശ്ചാത്തലത്തിലാണ്, അനേകം വികർമ്മങ്ങൾ ചെയ്തതിനു പ്രായശ്ചിത്തമായി ഒന്നും ചെയ്യാതിരിക്കുക എന്ന ഫുക്കുവോക്കയുടെ പുതിയ കാർഷിക നയം പ്രസക്തമാകുന്നത്. ഫുക്കുവോക്കയുടെ കാഴ്ചപ്പാടിൽ കൃഷി വെറും ഉൽപാദന പ്രക്രിയ മാത്രമല്ല. കൃഷിയുടെ അന്തിമലക്ഷ്യം വിളകൾ നട്ടുവളർത്തലല്ല, മനുഷ്യനെ വിളയിച്ചു ശുദ്ധീകരിക്കലാണെന്ന് ഇദ്ദേഹം അഭിപ്രായപ്പെടുന്നു. മണ്ണിന്റെ ജൈവികത നില നിർത്തിക്കൊണ്ട് ചെയ്യുന്ന കൃഷി ഈ രീതിയിൽ കൃഷിയിടവും കൃഷിക്കാരനും ഒരുപോലെ ശുദ്ധീകരിക്കപ്പെടുന്ന ശുദ്ധികർമ്മമാകുന്നു.

വത്സലയുടെ നോവലുകളിലെ കാർഷിക പരാമർശങ്ങളിലൂടെ വായിച്ചെടുക്കാവുന്ന കൃഷിയുടെ പ്രഥമ പാഠം, മണ്ണിനെ അറിഞ്ഞ് ചെയ്യേണ്ടതാണ് കൃഷി എന്നാകുന്നു. ഈ പാഠത്തിൽ എവിടെ ആർ എങ്ങനെ കൃഷി നടത്തണം എന്നീ വസ്തുതകൾ കൂടി ഉൾപ്പെടുന്നു. 'നെല്ലി'ൽ ഇക്കാര്യം വിശദീകരിക്കുന്നു.

ഗ്രന്ഥനാമം കൊണ്ടുതന്നെ ഈ കൃതിയിൽ കൃഷിക്കുള്ള പ്രാധാന്യം സൂചിതമായിരി

ക്കുന്നു. മറ്റൊരർത്ഥത്തിൽ പല രീതിയിൽ കൃഷിയിടങ്ങളുടെ മാസ്മരികതയിൽ ബന്ധിതരാകുന്ന കുറേ മനുഷ്യർ അനുഭവിച്ചു തീർക്കുന്ന ജീവിതങ്ങളുടെ ആഖ്യാനമാണ് ഈ നോവൽ എന്നു പറയാം. 'നെല്ലി'ലെ അടിയാളർക്കു കൃഷിയിടങ്ങൾ ഇനി ഒരിക്കലും വീണ്ടെടുക്കാനാകാത്ത വിധം കൈവിട്ടുപോയ നഷ്ടഭൂമികളാണ്. സ്വന്തം ഭൂമി അപ്രാപ്യസ്വപ്നമെന്നറിയാവുന്നതുകൊണ്ട് അടിയാളൻ നിസ്സംഗമായി അവയെ നോക്കുന്നു. വയനാട്ടിലെ കൃഷിയിടങ്ങൾ അവിടുത്തെ ആദിവാസികളുടേതാണ്. അവിടെ കൃഷി നടത്തേണ്ടത് അടിയാളരാണ്. ഈ അടിയാൻ കൃഷിയിൽ നിസ്സംഗനാകുമ്പോൾ മണ്ണും നിസ്സംഗമാകുന്നു. ഭൂമിയെ കയ്യടക്കുവാൻ തന്ത്രങ്ങളും ബലപ്രയോഗങ്ങളും മതിയാകും. എന്നാൽ ആ ഭൂമിയെ ഉർവ്വരമാക്കാൻ ബലപ്രയോഗങ്ങൾക്കപ്പുറം ഭൂമിയുടെ ജൈവികത അറിഞ്ഞേ മതിയാകൂ. ഈ അറിവിന്റെ അഭാവത്താൽ 'നെല്ലി'ലെ മേലാളരുടെ വയലുകൾ പലതും കടം കൊണ്ടും കളകൊണ്ടും കാടുകയറിയവയാണ്. 'നെല്ലി'ൽ കൃഷി ചെയ്തു വിജയിക്കുന്ന മേലാളൻ രാഘവൻ നായർ മാത്രമാണ്. മണ്ണിന്റെ യഥാർത്ഥ ഉടമയായ കീഴാളനും മണ്ണിൽ നിന്നു ലാഭം മാത്രം ഇച്ഛിക്കുന്ന മേലാളനും രണ്ട് വിരുദ്ധ ധ്രുവങ്ങളിലാണ്. ഇവർക്കിടയിൽ ഒരു ഋജുരേഖയാകാൻ രാഘവൻ നായർ ശ്രമിക്കുന്നു. മണ്ണിന്റെ ഭാവഭേദങ്ങളും മണ്ണിൽ പണിയുന്ന അടിയാന്റെ ജീവിതാവസ്ഥകളും പ്രകൃതിയുടെ ഋതുഭേദങ്ങളും രാഘവൻ നായർ അറിയുന്നു. ന്യായമായ കൂലി, കാവൽവല്ലി, ഭക്ഷണം, പുതപ്പ്.... ഇങ്ങനെ കൃഷി ചെയ്യുന്നവനെ പ്രസാദിപ്പിച്ചാണ് രാഘവൻ നായർ വയലിൽ പണി നടത്തുന്നത്. മല്ലനില്ലാതെ കൃഷി നടത്തുവാൻ ബുദ്ധിമുട്ടാണെന്ന് രാഘവൻ നായർ പറയുന്നു. എല്ലു മുറിയെ പണിയുന്നവനായതുകൊണ്ട് മാത്രമല്ല, മണ്ണിനോട് കൂറുള്ള, മണ്ണിന്റെ ഹിതത്തെ മാനിക്കുന്നവനായതുകൊണ്ടാണ് രാഘവൻ നായർക്കു കൃഷി നടത്താൻ മല്ലൻ അവശ്യഘടകമാകുന്നത്. താൻ കൃഷി നടത്തുന്ന മണ്ണ് അടിയാന്റേതാണെന്ന ബോധം രാഘവൻ നായരിൽ സദാ സജീവമായുണ്ട്. ആ വൈകാരിക അധികാരത്തെ അദ്ദേഹം എപ്പോഴും അംഗീകരിക്കുന്നു. രാഘവൻ നായർ നൽകുന്ന ഈ അംഗീകാരത്തിൽ മനസ്സു നിറഞ്ഞ് അടിയാൻ പണിത വയലുകളും മനസ്സറിഞ്ഞ് കനിയുന്നു.

ഭൂമിയുടെ വകഭേദങ്ങൾ രാഘവൻ നായർ കൃത്യമായി നിരീക്ഷിക്കുന്നുണ്ട്. വളക്കൂറുള്ള

കറുത്ത മണ്ണിൽ ഗന്ധകശാല, വയലിന്റെ വീതി കുറഞ്ഞ ചതുപ്പ്നിലമായ അണ്ണിയിൽ പൊക്കം കൂടിയ ചേറ്റുവിളയൻ, കാടിന്റെ ഓരത്ത്, പന്നികൾ ആക്രമിക്കാത്ത ഇഞ്ചി, കരപ്രദേശത്ത് നാരകം എന്നിങ്ങനെ മണ്ണിനു ചേർന്ന വിളകളുടെ വിദഗ്ദ്ധമായ തെരഞ്ഞെടുപ്പ് രാഘവൻ നായർ നടത്തുന്നു. ഋതുഭേദങ്ങൾക്കനുസരിച്ച് കൃഷിപ്പണികൾ കൃത്യമായി വ്യവസ്ഥ ചെയ്ത്

*"എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കി, ഇനി മഴ പെയ്യണം"* [45]

എന്ന് സംതൃപ്തിയോടെ കാത്തിരിക്കുന്ന രാഘവൻ നായർ കൃഷിയുടെ മർമ്മം അറിയുന്നവനാണ്.

രാഘവൻ നായരുടെ കൃഷിയെക്കുറിച്ചുള്ള നീണ്ട വിവരണങ്ങളിലെവിടേയും രാസവളങ്ങളോ പുതിയ പരിഷ്ക്കാരങ്ങളോ കടന്നുവരുന്നില്ല. തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന അറിവുകളുടെ സാകല്യമായ, ആർജ്ജിത വൃത്തിയാണ് കൃഷി. പ്രാണവായുവിനേക്കാൾ വിലപിടിച്ച, കാട്ടിൽ നിന്നൊഴുകിയെത്തുന്ന കറുത്ത വളക്കൂറുള്ള വെള്ളത്തെ, മണ്ണിനെ, ഫലപ്രദമായി ഉപയോഗിച്ചാണ് രാഘവൻ നായർ കൃഷി നടത്തുന്നത്. വാര്യത്തെ കാര്യസ്ഥനായ രാഘവൻ നായർക്ക് ആദ്യത്തിൽ തന്റെ യജമാനരോടു മാത്രമായിരുന്നു കടപ്പാട്. ആ കടപ്പാടിനെ രാഘവൻ നായർ മണ്ണിലേയ്ക്കും മണ്ണിൽ അദ്ധ്വാനിക്കുന്നവരിലേയ്ക്കും സംക്രമിപ്പിക്കുന്നു. വാസ്തവത്തിൽ സഞ്ചാരിയായെത്തി പാപനാശിനിയിൽ മുങ്ങിനിവർന്നതിനേക്കാൾ രാഘവൻ നായർ സംശുദ്ധനാകുന്നത് ഒരു യഥാർത്ഥ കൃഷിക്കാരനാകുമ്പോഴാണ്.

'കൂമൻകൊല്ലി'യിൽ കൃഷി കൂടുതലും സൂചിതമാകുന്നത് കൃഷി നടത്തി പരാജയപ്പെടുന്ന മേലാളന്റെ ചിത്രങ്ങളിലൂടെയാണ്. ഇവരെക്കുറിച്ച് മണ്ണിന്റെ ഉപരിതലത്തിൽ മാത്രം അള്ളിപ്പിടിച്ച് നിൽക്കുന്ന ചില ചെടികളെപ്പോലെയാണെന്നു[46] 'കൂമൻകൊല്ലി'യിൽ പരാമർശിക്കുന്നുണ്ട്. ഈ രീതിയിൽ മണ്ണിൽ സ്വയം വേരുകളാഴ്ത്താനാകാത്തവർക്ക് നെൽച്ചെടികളുടെ വേരോട്ടവും നിലനിർത്താനാകുന്നില്ല.

'കൂമൻകൊല്ലി'യിൽ കൃഷി ചെയ്തു വിജയിക്കുന്ന ഏകവ്യക്തി സത്യനാരായണനാണ്.

സമയം തെറ്റാതെ വിത്തിറക്കി കാടിന്റെ കുപ്പയിലൂടെ ഒഴുകി എത്തുന്ന മലവെള്ളം ഉപയോഗപ്പെടുത്തി സത്യനാരായണൻ ചെയ്യുന്ന കൃഷിയുടെ സമ്പ്രദായങ്ങൾ കൂമൻകൊല്ലിയിലെ ഏറ്റവും വലിയ ജന്മിയായ കൃഷ്ണനുണ്ണി പോലും ഹൃദിസ്ഥമാക്കാൻ ശ്രമിക്കുന്നുണ്ട്. പക്ഷേ അടിയാളരുമായി ചങ്ങാത്തം പിടിച്ച് വേല കളിതമാശയാക്കുന്ന സത്യനെപ്പോലെ ആകാൻ പറ്റാത്തതുകൊണ്ട് കൃഷ്ണനുണ്ണിയുടെ കൃഷിയെല്ലാം കടബാധ്യതകൾ വരുത്തിവയ്ക്കുന്നു.

സത്യനാരായണന്റെ കൃഷിയുടെ പ്രത്യേകത മിതത്വമാണ്. ലാഭമുണ്ടാക്കാൻ കഴിഞ്ഞിട്ടും സത്യൻ ഒരു കൊല്ലത്തെ ചെലവിനും വിത്തിനും വല്ലിക്കും വേണ്ട ഒരു വിളവ് മാത്രം കൊയ്തു പത്തായം നിറയ്ക്കുന്നു. 'കൂമൻകൊല്ലി'യിൽ ഈ പ്രകരണത്തിൽ ശ്രദ്ധേയനാകുന്ന മറ്റൊരു കഥാപാത്രം, മണ്ണിനെ സ്നേഹിക്കുന്നവനെന്നു സത്യനാരായണൻതന്നെ പരിചയപ്പെടുത്തുന്ന കൃഷ്ണൻ നമ്പീശനാണ്. കൃഷിയിൽ ആമഗ്നനായി നാടും വീടും ഇദ്ദേഹം മറക്കുന്നു. കലർപ്പില്ലാത്ത വിത്തിനും തൈകൾക്കും എല്ലാവരും അന്വേഷിച്ചെത്തുന്നത് ഇദ്ദേഹത്തെയാണ്. നെൽച്ചെടി എന്ന പക്ഷഭേദമില്ലാതെ ഏതു ചെടിയേയും വിത്തിനേയും സംരക്ഷിക്കുക എന്നതാണ് നമ്പീശന്റെ നയം.

ഈ മൂന്നു കഥാപാത്രങ്ങളുടെ കൃഷിധർമ്മങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

1. മണ്ണിൽ ഇതര വ്യക്തികൾക്കുള്ള വൈകാരിക അവകാശങ്ങളെ അംഗീകരിക്കുന്നു.
2. പാരമ്പര്യകാർഷിക സമ്പ്രദായങ്ങൾ പിന്തുടരുന്നു.
3. ലാഭത്തിനതീതമായി വിളകളുടെ വൈവിധ്യത്തിൽ ശ്രദ്ധിക്കുന്നു. മണ്ണിനെ ഉപയോഗിച്ചു നടത്തുന്ന കൃഷി, മണ്ണിന്റെ ചൂഷണമായി മാറാതെ മിതത്വം പാലിക്കുന്നു.

താഴ്വരയിൽ നിന്നു വരുന്ന അന്തോണി നല്ല വിളവെടുപ്പിനുള്ള സമവാക്യമായി പൂരിപ്പിക്കുന്നത് മുന്തിയ സങ്കരയിനം വിത്ത്, കുട്ടൂസന്റെ ട്രാക്ടർ, രാസവളം എന്നിവയെയെല്ലാമാണ്. അന്തോണിയുടെ ഈ കാർഷിക സങ്കല്പത്തിനു ബദലായി നോവലിസ്റ്റ് അവരുടെ കാലിക്കാരനായിരുന്ന കുങ്കന്റെ, കാട്ടിലെ കൃഷിയെ നിർത്തുന്നു. ഒരു ആദിവാസിയുടെ വിഭ്രമാത്മകവും അതികാല്പനികവുമായ ഈ പ്രവൃത്തിക്ക് ആ കഥാപാത്രം നൽകുന്ന

ന്യായീകരണം ഇങ്ങനെയാണ്.

*"കുറിച്യന്റെ കുങ്കന്റെ കാരണവന്മാര് ക്റിസിക്കാരായിരുന്നു. ഭൂമി ഓരോ രുത്തര് തട്ടിപ്പറിച്ചു', 'അവർക്ക് ക്റിസി ചെയ്യാനറിയോ? കാടിനെ മുഴോനും വെട്ടിനശിപ്പിച്ചു"*.[47]

കൃഷി ചെയ്യാനറിയാത്തവർ ചെയ്യുന്ന കൃഷി പാപമാണെന്നു ഉദ്ബോധിപ്പിച്ചുകൊണ്ട് പാപികളുടെ പ്രവൃത്തികൾ തിരുത്താൻ ശ്രമിക്കുകയാണ് ഈ കഥാപാത്രം.

വത്സലയുടെ നോവലുകളിലെ കാർഷിക പരാമർശങ്ങളിലെ മറ്റൊരു പ്രത്യേകത അവ യിലെ സ്ത്രീസാന്നിധ്യമാണ്. 'കൂമൻകൊല്ലി'യിൽ ചിന്നമ്മു ബ്രാഹ്മണി അമ്മയുടെ കയ്യിൽ നിന്നു മരുമകൻ അധികാരം കൈമാറി വാങ്ങുമ്പോൾ അയാൾ ആഗ്രഹിക്കുന്നത് ഒരു നവീകരണമാണ്. പഴയതെല്ലാം മൂല്യരഹിതങ്ങളായി കല്പിക്കുന്ന ഗംഗാധരനും അയാൾ കൊണ്ടുവരുന്ന അന്തോണി എന്ന കാര്യസ്ഥനും നടപ്പാക്കുന്ന പരിഷ്ക്കാരങ്ങളിൽ ചിന്നമ്മു ബ്രാഹ്മണി അമ്മ വ്യാകുലയാകുന്നുണ്ട്. മുറ്റത്തെ നെല്ലിനും ആലയിലെ കന്നു കാലികൾക്കും ജാഗ്രതയോടെ കാവലിരുന്നിട്ടുള്ള ബ്രാഹ്മണി അമ്മയുടെ പാരമ്പര്യ അറി വുകളും തീക്ഷ്ണ അനുഭവങ്ങളും ഗംഗാധരന് അപരിഷ്കൃതങ്ങളാണ്. പക്ഷേ വിത്തു വിറ്റ് തിന്നുന്നവൻ എങ്ങനെയാണ് നല്ല കൃഷിക്കാരനാകുന്നതെന്ന ബ്രാഹ്മണി അമ്മയുടെ വ്യഥകൾ പിന്നീട് യാഥാർത്ഥ്യങ്ങളാകുന്നു.

കൃഷ്ണൻ നമ്പീശന്റെ ഭാര്യ വസുമതി മക്കളേക്കാൾ കരുതലോടെ നെൽച്ചെടികളേയും പശുക്കളെയും പരിപാലിക്കുന്നു.[48] 'ആഗ്നേയ'ത്തിൽ നങ്ങേമയ്ക്ക് കൃഷി, ജീവിതം തന്നെ യാണ്. സ്വയം കാവലിരുന്ന് നിതാന്ത ശ്രദ്ധ ചെലുത്തി, നേരറിഞ്ഞ് നങ്ങേമ ചെയ്ത കൃഷി അവരെ തിരുനെല്ലിയിലെ കടമില്ലാത്ത ഏക ജന്മിയാക്കുന്നു. 'ആരും മരിക്കുന്നില്ല'യിൽ ആര്യങ്കോട്ടമ്മ മകനെ മാറോടടുക്കിപ്പിടിച്ച് ഞാറു പറിച്ചിരുന്ന തന്റെ ഭൂതകാലം മരുമക ളോട് വിവരിക്കുന്നുണ്ട്.[49] 'റോസ്മേരിയുടെ ആകാശങ്ങളിൽ' ഹോസ്റ്റലിൽ നിന്നു മടങ്ങി വരുന്ന റോസി വീട്ടിന്നരികിൽ ഇത്തിരി പുഞ്ച കാണുമ്പോൾ അമ്മ നട്ടതാകാം എന്നു ചിന്തിക്കുന്നു. അതിന് എതിരായി അവൾ കാണുന്ന ദൃശ്യം, വീർപ്പുമുട്ടിക്കുന്ന ഗന്ധം വമി

ക്കുന്ന മഞ്ഞൾ, ചാക്കിൽ നിറയ്ക്കുന്ന അപ്പനെയാണ്.[50] സ്ത്രീ കൃഷി ചെയ്യുന്നത് ജീവസ സ്ധാരണത്തിനു മാത്രമാണ്. അന്നത്തിനു പകരം ധനം ഉൽപാദിപ്പിക്കുന്ന നാണ്യവിളക ളുടെ കൃഷി അതുകൊണ്ടുതന്നെ സ്ത്രീ തിരസ്ക്കരിക്കുന്നു. നെല്ല് മുളയ്ക്കുമ്പോൾ കാട്ടി ലേക്ക് ഭാര്യയെ കൊണ്ടുവരണം.

*"പെണ്ണുങ്ങളില്ലാതെ ക്റ്സി നടക്കൂല"*[51]

എന്ന കുങ്കന്റെ വാക്കുകളും ഈ സന്ദർഭത്തിനു പ്രസക്തമാകുന്നു.

സ്വയം പൂർണ്ണതയും സുരക്ഷിതത്വവും സ്വാശ്രയത്വവും നൽകുന്ന ഒന്നായി കാർഷിക വ്യവസ്ഥയെ പുനഃസ്ഥാപിക്കുവാൻ നോവലിസ്റ്റ് ശ്രമിക്കുന്നുണ്ട്. സ്വാശ്രയത്വം കഥാപാ ത്രങ്ങൾക്ക് നൽകുന്നത് സ്വാതന്ത്ര്യം കൂടിയാണ്. അശരണയായ നങ്ങേമ കൃഷിയിലൂടെ യാണ് സ്വാശ്രയത്വം നേടിയെടുക്കുന്നത്. ശൂന്യതയിൽ നിന്നും തന്റെ കുടുംബത്തെ പടു ത്തുയർത്താൻ നെൽവയലുകളാണ് നങ്ങേമയെ സഹായിക്കുന്നത്. ഏടത്തിയുടെ വീട്ടിലെ അഭയാർത്ഥിനിയിൽ നിന്നുള്ള വിടുതൽ, തന്റേതുമാത്രമായ ഒരു സാമ്രാജ്യത്തിൽ അവര നുഭവിക്കുന്ന സ്വാതന്ത്ര്യം, എല്ലാം നങ്ങേമ കൃഷിയിലൂടെ ആർജ്ജിച്ചെടുക്കുന്നു.

സ്വന്തമെന്നു പറയാൻ ആരുമില്ലാത്ത ഒരു 'പടുമുള'യായ സത്യനാരായണനെ മനുഷ്യനെ അറിയുന്ന, പ്രകൃതിയെ അറിയുന്ന, ഒരു വ്യക്തിയായി വളർത്തിയെടുക്കുന്നതിൽ കൃഷി ഭാഗഭാക്കാകുന്നുണ്ട്. പൈതൃകമായി ലഭിച്ച ഭൂമിയിൽ ഉടമയായും അടിമയായും കൃഷി ചെയ്തതുകൊണ്ടാണ് സത്യനാരായണനു ജന്മിയേയും അടിയാളനേയും ഒരുപോലെ മന സ്സിലാക്കാനാകുന്നത്.

മേലുദ്ധരിച്ചവയിൽ നിന്നു വ്യത്യസ്തമായി ഈ സ്വയം പര്യാപ്തത കാല്പനികമായി കൃഷിയിലൂടെ സാധ്യമാക്കുന്ന കഥാപാത്രമാണ് 'ഗൗതമ'നിലെ ഗൗതമൻ. രാമപുരത്ത് ഏകാ ന്തതയുടെ എല്ലാ സുഖങ്ങളുമനുഭവിക്കുന്ന ഗൗതമനു കുറച്ചെങ്കിലും അസ്വസ്ഥതയുണ്ടാ ക്കുന്നത് ശീലിക്കാത്ത ഭക്ഷണക്രമങ്ങളാണ്. അതിനു പരിഹാരമായി തണ്ണീർമത്തനും തിനയും, കോറയും എല്ലാം സ്വയം നട്ട് നനച്ച് തന്റേതുമാത്രമായ ഒരു ലോകത്തിൽ സ്വയം പൂർണ്ണതയുടെ സുഖവും സ്വാതന്ത്ര്യവും ഗൗതമൻ അനുഭവിക്കുന്നു.

ഏറ്റവും സംക്ഷിപ്തമായി വത്സലയുടെ നോവലുകളിലെ കാർഷിക പാഠങ്ങൾ മണ്ണി നോട് പുലർത്തേണ്ട ധാർമ്മികതയുടെ പാഠങ്ങളാണെന്നു പറയാം.

## 2.9. കമ്മ്യൂണിസ്റ്റ് തത്ത്വശാസ്ത്രങ്ങൾ

മുതലാളിത്തം പ്രകൃതിയിലും സാമൂഹ്യ ഘടനയിലും ഒരുപോലെ ക്ഷതങ്ങളേല്പിക്കുന്നു. പ്രകൃതിയെ നശിപ്പിച്ചുകൊണ്ട് മുതലാളിത്തം സാമൂഹ്യ അനീതികളുടെ ആക്കം വർദ്ധി പ്പിക്കുന്നു. പരിസ്ഥിതിവാദം അതുകൊണ്ട് സാമൂഹ്യസമത്വത്തിനായി നിലകൊള്ളുന്ന കമ്മ്യൂ ണിസ്റ്റ് പ്രത്യയശാസ്ത്രത്തോട് സ്വാഭാവികമായും യോജിക്കുന്നു. മാർക്സിസ്റ്റ് പ്രത്യയ ശാസ്ത്രത്തിനു കാലഘട്ടം ആവശ്യപ്പെടുന്ന പൂരണങ്ങളിലൊന്നായാണ് പരിസ്ഥിതി ശാസ്ത്രം മാറുന്നതെങ്കിൽ പരിസ്ഥിതി പ്രശ്നങ്ങൾക്കുള്ള പരിഹാരമാർഗ്ഗങ്ങളിലൊന്നാ യാണ് മാർക്സിസ്റ്റ് പ്രത്യയശാസ്ത്രത്തെ വിലയിരുത്തുന്നത്. ഈ രീതിയിൽ പരസ്പരം പൂരകങ്ങളാകുന്ന ഈ രണ്ടു ദർശനങ്ങളുടേയും സമന്വയത്തിൽ നിന്നാണ് സോഷ്യൽ ഇക്കോളജി, ഇക്കോളജിക്കൽ സോഷ്യലിസം അഥവാ ഇക്കോ മാർക്സിസം എന്നീ ചിന്താ ധാരകളുണ്ടാകുന്നത്. ഈ നവദർശനശാഖകൾ പരിസ്ഥിതി പ്രശ്നങ്ങളുടെ സാമൂഹ്യസാം സ്ക്കാരിക സാമ്പത്തിക കാരണങ്ങളെ വിശകലനം ചെയ്യുന്നു. കാല്പനികമായി പരിഹാരം കാണേണ്ടവയല്ല പരിസ്ഥിതി പ്രശ്നങ്ങൾ. പരിസ്ഥിതി നാശത്തിനു കാരണം അമിത ലാഭേ ച്ഛയും മുതലാളിത്ത വികസനവുമാണെന്നും, കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രങ്ങളിലൂടെ ഇവ നിർദ്ധാരണം ചെയ്യാനാകുമെന്നും ഈ ചിന്താ പദ്ധതി വിശ്വസിക്കുന്നു. ഉൽപാദന വ്യവസ്ഥ പാരിസ്ഥിതികമാകേണ്ടതിന്റെ അനിവാര്യത മാർക്സ് ചൂണ്ടിക്കാണിക്കുന്നുണ്ട്.

> *"മുതലാളിത്ത ഉൽപാദനം മനുഷ്യനും മണ്ണും തമ്മിലുള്ള പദാർത്ഥ ചംക്ര മണത്തെ അലങ്കോലപ്പെടുത്തുന്നു. മുതലാളിത്ത കാർഷികവൃത്തി തൊഴി ലാളിയേയും മണ്ണിനേയും കവർച്ച ചെയ്യുന്നു. ഒരു നിശ്ചിത സമയത്തേക്ക് ഉർവ്വരത വർദ്ധിപ്പിക്കുന്നത് ഉർവ്വരതയുടെ നിത്യമായ ഉറവകളെ നശിപ്പി ക്കുന്നു".*[52]

എംഗൽസ് പരിസ്ഥിതി പ്രശ്നങ്ങളെ കുറേക്കൂടി ഗൗരവത്തിൽ കാണുന്നുണ്ട്.

*"പ്രകൃതിയെ അടക്കി വാഴുകയല്ല നാം വേണ്ടത്. നാം പ്രകൃതിയുടെ ഭാഗമാണ്, പ്രകൃതിയുടെ നടുക്കാണ്"*[53]

എന്ന് ഇദ്ദേഹം ഓർമ്മിപ്പിക്കുന്നു.

സമൂഹത്തിലെ ഉൽപാദന വിതരണ വ്യവസ്ഥകളിൽ കമ്മ്യൂണിസം വിഭാവനം ചെയ്യുന്ന തുലനം മനുഷ്യൻ പരിസ്ഥിതിയുമായും നിലനിർത്തേണ്ടതാണ് എന്ന് ഈ ഉദ്ധരണികൾ വിശദീകരിക്കുന്നു.

വനനശീകരണം ആദിവാസികളുടെ ഉൽപാദനമേഖലകളേയും തദ്വാരാ ആദിവാസി സമൂഹത്തെ ഒന്നാകെയും പ്രതികൂലമായി ബാധിക്കുന്നതും, ഇടതുപക്ഷ വീക്ഷണങ്ങളിലൂടെ ഈ പ്രതിസന്ധികളെ നിർദ്ധാരണം ചെയ്യാൻ ശ്രമിക്കുന്നതും വത്സലയുടെ നോവലുകളിൽ ദർശിക്കാം.

വിപ്ലവത്തിലൂടെ സാമൂഹ്യ സാമ്പത്തിക സമത്വം സാധ്യമാക്കാമെന്ന് സ്വപ്നം കാണുന്നവരാണ് 'ആഗ്നേയ'ത്തിലെ അപ്പുവും കൂട്ടുകാരും. മുതലാളിത്തത്തിന്റെ കടന്നാക്രമണത്തിൽ കൃഷിയിടങ്ങളും സ്വത്വവും നഷ്ടപ്പെട്ട ആദിവാസികൾക്ക് അതെല്ലാം തിരിച്ചു നൽകാനാണ് ഇവർ ശ്രമിക്കുന്നത്. തങ്ങൾ നേരിടുന്ന ചൂഷണങ്ങളിൽ സർവ്വദാ നിശ്ശബ്ദത പാലിക്കുന്ന ആദിവാസികളിൽ ചിലരെങ്കിലും അപ്പുവിന്റേയും കൂട്ടുകാരുടേയും പ്രവർത്തനങ്ങളിൽ പങ്കുചേരുന്നത് മണ്ണിന്റെ പ്രലോഭനം ഒന്നുകൊണ്ടു മാത്രമാണ്. അണക്കെട്ട് വന്നാൽ റിസർവ്വ് ഭൂമി മുങ്ങിപ്പോകുമെന്നു പറഞ്ഞ് അപ്പു അതിനെ എതിർക്കുന്നുണ്ട്. റിസർവ്വ് ഭൂമികൾ ഭൂമിയില്ലാത്ത ആദിവാസികൾക്കു പതിച്ചുകൊടുക്കാനുള്ളതാണ്. അണക്കെട്ട് ഉണ്ടാക്കുന്ന നഷ്ടം അതുകൊണ്ട് പരിസ്ഥിതിയുടേതു മാത്രമല്ല, ആദിവാസിയുടേതുമാണ്. അപ്പുവിന്റെ അണക്കെട്ടിന്നെതിരായുള്ള പ്രതിഷേധത്തിന്, പരിസ്ഥിതി വാദത്തിന്, അതിനാൽ പ്രസക്തമായൊരു സാമൂഹ്യപാഠം കൂടിയുണ്ട്.

പക്ഷെ കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രങ്ങൾ സാമൂഹ്യപ്രശ്നങ്ങളെ നിർദ്ധാരണം ചെയ്യുമ്പോൾ പരിസ്ഥിതി ഘടകങ്ങളെ ഗൗരവത്തോടെ വീക്ഷിക്കാൻ മറന്നുപോകാറുണ്ട്. ഈ വിഷയത്തിൽ എം.ജി.എസ്. നാരായണന്റെ അഭിപ്രായം ശ്രദ്ധേയമാണ്.

*"കൺസ്യൂമറിസം നവീന വ്യാവസായിക യുഗത്തിന്റെ സ്വഭാവമുദ്രയാകുന്നു. പരിസ്ഥിതിയെ മുഴുവൻ നശിപ്പിച്ച് അതു മുന്നേറിക്കൊണ്ടിരിക്കുന്നു. ഈ ക്യാപിറ്റലിസ്റ്റ് വ്യവസ്ഥയോട് അടിസ്ഥാനപരമായ വ്യത്യാസമൊന്നും കമ്മ്യൂണിസത്തിനില്ല. ഈ നേട്ടങ്ങൾ പണക്കാർക്കു മാത്രമല്ല തൊഴിലാളി വർഗ്ഗത്തിനും കൂടി കിട്ടണമെന്നു കൂടി അവർ പറയുന്നുവെന്നു മാത്രം".*[54]

മനുഷ്യന്റെ നിലനില്പ് സ്വതന്ത്രമാകുന്നതിനു പ്രകൃതിയുടേയും പ്രകൃതിവിഭവങ്ങളുടേയും ആവാസ വ്യവസ്ഥകളുടേയും സംരക്ഷണം അത്യന്താപേക്ഷിതമാണ്. സാമ്പത്തിക സമത്വം മാത്രം ലക്ഷ്യമാക്കുന്ന പ്രവർത്തനങ്ങൾ മഹത്തായ പ്രത്യശാസ്ത്രങ്ങളുടെ പിൻബലത്തിലും പരാജയപ്പെടുന്നത് ഈ വസ്തുത വിസ്മരിക്കുമ്പോഴാണ്. 'കൂമൻകൊല്ലി'യിലെ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ബാലൻ നമ്പ്യാർക്കില്ലാതെ പോകുന്നത് പരിസ്ഥിതി അവബോധമാണ്.

കൂമൻകൊല്ലിയിലെ ആദിവാസികളെ സംഘടിപ്പിച്ച് ശക്തരാക്കുവാൻ പാർട്ടി നിയോഗിക്കുന്ന വ്യക്തിയാണ് ബാലൻ നമ്പ്യാർ. പ്രവർത്തനത്തിന്റെ ആത്മാർത്ഥ കൊണ്ട് എല്ലാ അടിയാന്മാരും പെരുമാറ്റത്തിലെ മാന്യതകൊണ്ട് എല്ലാ മേലാളന്മാരും ബാലൻ നമ്പ്യാരെ ഒരുപോലെ ആദരിക്കുന്നു. എന്നിട്ടും ഒരായുഷ്ക്കാലത്തിന്റെ നല്ല പങ്കു ചെലവഴിച്ച കൂമൻകൊല്ലിയിൽ തന്റെ പ്രവർത്തനങ്ങൾക്കു ലക്ഷ്യപ്രാപ്തി കണ്ടെത്താൻ ബാലൻ നമ്പ്യാർക്കാകുന്നില്ല. മേലാളരുടെ കള്ളനാഴികളെ അപ്രത്യക്ഷമാക്കാനായെങ്കിലും അടിയാളരുടെ ദാരിദ്ര്യ പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം നിർദ്ദേശിക്കുന്നതിൽ മേലാളന്റെ അനീതികൾക്കെതിരെ കീഴാളരെക്കൊണ്ട് പ്രതികരിപ്പിക്കുന്നതിൽ, നമ്പ്യാർ പരാജയപ്പെടുന്നു. കൂമൻകൊല്ലിയിൽ നടക്കുന്ന എല്ലാ ചൂഷണങ്ങൾക്കും കാരണം അടിയാളരുടെ നിസ്സംഗതയും അലസതയുമാണെന്നു നമ്പ്യാർ അനന്തൻ മാസ്റ്ററോട് പറയുന്നുണ്ട്. അതിനു മറുപടിയായി അനന്തൻ മാസ്റ്റർ നമ്പ്യാർക്ക് എരിയുന്ന കാടുകളെ കാണിച്ചുകൊടുക്കുന്നു. വേതനം വെട്ടിക്കുറയ്ക്കുന്ന കൂമൻകൊല്ലിയിലെ തന്നെ മേലാളനേക്കാൾ ആദിവാസിയെ ചൂഷണം ചെയ്യുന്നത് വനം കയ്യേറുന്ന ഉപഭോഗ സംസ്കൃതിയാണ്. അനുദിനം നശിച്ചു

കൊണ്ടിരിക്കുന്ന വനം നമ്പ്യാരുടെ പ്രശ്നവിഷയമല്ല. അതുകൊണ്ടു തന്നെ എരിയുന്ന കാടുകൾ തമസ്ക്കരിക്കുന്ന സ്വത്വത്തിൽ നിസ്സംഗനാകുന്ന ആദിവാസിയേയും പൂർണ്ണമായി ഉൾക്കൊള്ളാൻ നമ്പ്യാർക്കാകുന്നില്ല. ഒരു വർഗ്ഗത്തെക്കുറിച്ചുള്ള അജ്ഞത അവരുടെ പ്രശ്നപരിഹാരങ്ങളിലും അപാകതകൾ സൃഷ്ടിക്കുന്നു.

അനന്തൻ നമ്പ്യാർ മെഡിക്കൽ മേളയും പട്ടയമേളയും സംഘടിപ്പിക്കുന്നുണ്ട്. പക്ഷേ അവ പ്രാവർത്തികമാക്കുന്നതിൽ അസമത്വങ്ങൾ പ്രത്യക്ഷപ്പെടുന്നു. അനനുയോജ്യമായ ഇടങ്ങളിലാണ് പല സൗജന്യങ്ങളും സഹായങ്ങളും എത്തിപ്പെടുന്നത്. കൃഷിയുടേയും മണ്ണിന്റേയും മർമ്മം അറിയുന്ന കുറിച്യൻ കുങ്കനു തലയ്ക്കു വെളിവില്ലെന്നു കാരണം പറഞ്ഞ് പട്ടയം നിഷേധിക്കുന്നു. സ്വാതന്ത്ര്യദിനത്തിൽ നഗരത്തിൽ അമ്പെയ്യാൻ ഖദറിട്ട് പോകുന്ന ചന്തുവിനു ഭൂമി നൽകുകയും ചെയ്യുന്നു. അമ്പുകൾ തേച്ചുമിനുക്കി സ്വാതന്ത്ര്യദിനം കാത്തിരിക്കുന്ന ചന്തു ഭൂമി കൊണ്ട് എന്തുചെയ്യും എന്നത് ബാലൻ നമ്പ്യാരുടെ ചിന്താവിഷയമല്ല. ഭൂമിയില്ലാത്തവനു ഭൂമി നൽകാനായതിൽ കൃതാർത്ഥനാണ് നമ്പ്യാർ. മണ്ണിന്റെ മൂല്യം അറിയുന്ന സത്യനാരായണനെപ്പോലെയുള്ളവരാണ് ചന്തുവിന് ഭൂമി കിട്ടിയതിന്റേയും കുങ്കനു ഭൂമി നിഷേധിച്ചതിന്റേയും വൈരുദ്ധ്യമോർത്ത് ആകുലപ്പെടുന്നത്.

ഈ മണ്ണിനേയും ഇവിടത്തെ കൃഷിക്കാരേയും എങ്ങനെയാണ് തമ്മിൽ യോജിപ്പിച്ചു കൊണ്ടുപോകേണ്ടതെന്നോർത്ത് ബാലൻ നമ്പ്യാർ അതിശയിക്കുന്നു.

*"എവിടേയോ ഒരു നൂൽ ഉടക്കിയിരിക്കുന്നു"*[55]

എന്നാണ് നമ്പ്യാർ കുണ്ഠിതപ്പെടുന്നത്.

ഉരുവിട്ടു പഠിച്ച വർഗ്ഗസമരത്തിന്റെ പാഠങ്ങൾക്കിടയിൽ അനന്തൻ നമ്പ്യാർക്ക് ഉടക്കിപ്പോയ നൂലിന്റെ കുരുക്കുകളെ അകത്താൻ ശ്രമിക്കുകയാണ് അപ്പു. മുന്നാലോചനയില്ലാതെ ഇതേ വർഗ്ഗസമരത്തിന്റെ തീക്ഷ്ണതയിൽ പ്രവർത്തനങ്ങളെല്ലാം പാളിപ്പോയ 'ആഗ്നേയ'ത്തിലെ അപ്പുവാണ് 'കൂമൻകൊല്ലി'യിൽ തിരിച്ചുവരുന്നത്. 'കൂമൻകൊല്ലി'യിലെ അപ്പുവിനു അനുഭവങ്ങൾ സമ്മാനിച്ച പക്വതയുണ്ട്. അതുകൊണ്ട് ദാരിദ്ര്യം നീറ്റുന്ന അടിയാളരെ രക്ഷിക്കാൻ വിപ്ലവമല്ലാതുള്ള മാർഗ്ഗങ്ങൾ അപ്പു കൂമൻകൊല്ലിയിൽ പരീക്ഷിക്കുന്നു.

തന്റെ കൃഷിഭൂമിയെല്ലാം അപ്പു അടിയാളർക്കു പങ്കിനു കൊടുക്കുന്നു. വല്ലിയും വിത്തും നൽകുന്നു. അവസാനം നമ്പ്യാരുടേയോ മറ്റു നേതാക്കന്മാരുടേയോ പ്രേരണ കൂടാതെ തന്നെ ആ അടിയാളർ കാവൽ വല്ലി കൂടി വേണമെന്നു പറഞ്ഞ് തന്നെ തടഞ്ഞുവെച്ചെന്നും, അതും കടം വാങ്ങി അവർക്കു നൽകിയെന്നും പറഞ്ഞ് സംതൃപ്തിയോടെ മയങ്ങുമ്പോൾ ഒരു വിപ്ലവം സഫലമായതിന്റെ സംതൃപ്തിയാണ് അപ്പുവിനുള്ളത്. അപ്പു തന്റെ ഈ പ്രവൃത്തിയിലൂടെ ഒരേസമയം കൃഷി നടത്തുകയും, അടിയാളർക്കു അദ്ധ്വാന സാഹചര്യവും അർഹമായ കൂലിയും നൽകുകയും ചെയ്യുന്നു. അപ്പുവിനെ കാവൽ വല്ലി ആവശ്യപ്പെട്ട് തടഞ്ഞുവച്ചു എന്ന പരാമർശത്തിലൂടെ നമ്പ്യാർക്കു കഴിയാതിരുന്ന ബോധവൽക്കരണവും അപ്പു സാധിച്ചു എന്നു കരുതാം. അടിയാളർ തിരിച്ച് തനിക്കു തന്റെ പങ്കു നൽകും എന്നതിൽ അപ്പുവിന് സംശയമില്ല. ഈ സന്ദർഭത്തിലൂടെ അപ്പു വേരുകളെക്കുറിച്ച് ഓർമ്മിപ്പിക്കുന്നു. അടിയാളൻ മണ്ണിലെ കർഷകനാണ്, തൊഴിലാളിയല്ല. തൊഴിലാളിയുടെ അവകാശങ്ങളല്ല, കർഷകന്റെ അവകാശങ്ങളാണ് പുനഃസ്ഥാപിച്ചുകൊടുക്കേണ്ടത്. ഈ തത്ത്വം ബാലൻ നമ്പ്യാർ മനസ്സിലാക്കുന്നില്ല. വേരുകൾ കണ്ടെത്താത്ത പ്രവർത്തനങ്ങൾ ഏതു വലിയ ആദർശത്തിന്റെ പിൻബലത്തിലും വിജയം കണ്ടെത്തുന്നില്ല. അപ്പു എന്ന കഥാപാത്രത്തിലൂടെ ഹരിത-വിപ്ലവ ചിന്തകളുടെ സമന്വയമാണ് നോവലിസ്റ്റ് സാധിച്ചിരിക്കുന്നത്.

## 2.10. പശ്ചാദ്ഗമനത്തിന്റെ അപ്രസക്തി

ഭാരതീയ പരിസ്ഥിതി ദർശനങ്ങളെ പിന്തുടരുന്നു എന്നു പറയുമ്പോഴും പ്രകൃതിയിലേയ്ക്കുള്ള ഒരു പിൻമടക്കമല്ല നോവലിസ്റ്റ് ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാണ്. ഏതു ആദർശത്തെ ആസ്പദമാക്കിയാണെങ്കിലും പശ്ചാദ്ഗമനം കാലഗതിയുടെ മൗലിക സ്വഭാവമായ ചാക്രികതയുടെ നേർക്കുള്ള വെല്ലുവിളിയാണ്. പിൻമടക്കം ഒന്നിനും പരിഹാരവുമല്ല. മാത്രമല്ല ആഴത്തിലുള്ള ഒരു പാരിസ്ഥിതിക അവബോധം പ്രകൃതിയിലേക്കു മടങ്ങുക എന്ന ലളിതമായ ഒരു പരിഹാരത്തിൽ ഒതുങ്ങുന്നതല്ല.

വത്സലയുടെ നോവലുകളിൽ 'ഗൗതമ'നിലെ ഗൗതമൻ, 'കൂമൻകൊല്ലി'യിലെ കുങ്കൻ എന്നീ കഥാപാത്രങ്ങൾ അവരവരുടെ ജീവിതാവസ്ഥകളിൽ നിന്നും വ്യതിചലിച്ച് തിരിഞ്ഞു നടക്കുന്നവരാണ്. കുങ്കൻ എന്ന കുറിച്യന്റെ വനപ്രവേശം തീർത്തും കാല്പനികമായി

ഒരു മിത്തിന്റെ പരിവേഷത്തോടെയാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്. കാടും കൃഷിയിടങ്ങളും കയ്യടക്കി, ആദിവാസിയുടെ ആവാസകേന്ദ്രങ്ങളും സ്വത്വസംസ്ക്കാരങ്ങളും നഷ്ടപ്പെടുത്തിയ കയ്യേറ്റക്കാരോട് നേരിട്ടെതിർക്കാൻ പറ്റാത്ത ഒരു ആദിവാസിയുടെ പ്രക്ഷീണമായ പ്രതിഷേധത്തിന്റെ ശ്രമങ്ങളായി കുങ്കന്റെ പിൻമടക്കത്തെ ന്യായീകരിക്കാം.

നഗരത്തിലും ഹോസ്റ്റലിലുമായി ജീവിച്ച ഗൗതമൻ അമ്മയുടെ ആഗ്രഹപ്രകാരം രാമപുരത്തേക്കു യാത്രയാകുന്നു. യാത്രാമദ്ധ്യേ അമ്മ നഷ്ടപ്പെടുന്ന ഗൗതമൻ വിപ്ലവപ്രവർത്തനങ്ങൾ അനാഥമാക്കിത്തീർത്ത അമ്മയുടെ ഗ്രാമത്തിൽ എത്തിച്ചേരുന്നു. അമ്മയുടെ ചിതാഭസ്മം ആ മണ്ണിൽ 'നിവേദി'ക്കുവാൻ പോകുന്ന ഗൗതമൻ ഏകാന്തതയുടെ ആ തുരുത്തിൽ തുടർന്നു ജീവിക്കാൻ തീരുമാനിക്കുന്നു. പച്ചമാംസവും ഉറുമ്പിൻ മുട്ടയും തേനും ഭക്ഷണമാക്കി, പ്രകൃതിയുടെ മടിയിൽ കിടന്നുറങ്ങി, ഏകാന്ത ജീവിതം നയിക്കുന്ന ഗൗതമൻ മനുഷ്യന്റെ പ്രാകൃത ജീവിതപരിസരങ്ങളിലേയ്ക്കു മടങ്ങുകയാണ് ചെയ്യുന്നത്. ഇത്തരം ജീവിതത്തിൽ ഗൗതമൻ സുഖവും സംതൃപ്തിയും കണ്ടെത്തുന്നു. എന്നാൽ ഇത് യാഥാർത്ഥ്യങ്ങളിൽ നിന്നുള്ള വിഘടനമാണ്. സാമൂഹ്യജീവിയായി പരിഷ്ക്കരിച്ചു വന്ന മനുഷ്യൻ ഈ രീതിയിൽ അന്തർമുഖനായി പശ്ചാദ്ഗമനം നടത്തുവാൻ പാടുള്ളതല്ല. നോവലിസ്റ്റിന്റെ ഈ ദർശനം കഥാപാത്രത്തിൽ സന്നിവേശിപ്പിക്കുന്നു. അല്പം ദിവസങ്ങൾക്കുള്ളിൽ തന്റെ ജീവിതത്തെ ചിറയിൽ കെട്ടിക്കിടക്കുന്ന മലിനജലത്തോട് ഗൗതമൻ ഉപമിക്കുന്നുണ്ട്. നോവലിന്റെ അവസാനത്തിൽ കുഞ്ഞിന്റെ കരച്ചിൽ കേട്ട് ഗൗതമൻ വർത്തമാന യാഥാർത്ഥ്യങ്ങളിലേയ്ക്ക് തിരിച്ചുവരുന്നു. ഒരു ഗ്രാമത്തിന്റെ മുഴുവൻ ജൈവികതയെ തരിശാക്കിയ വിപ്ലവകാരിയുടെ നീക്കിയിരിപ്പുകളടങ്ങിയ ബംഗ്ലാവിനു തീവച്ചുകൊണ്ടാണ് കുഞ്ഞിനെ മാറോടടുക്കി ഗൗതമൻ ഇറങ്ങുന്നത്. ഗൗതമനിലൂടെ പരിസ്ഥിതി ദർശനങ്ങൾ കാല്പനികമോ അയഥാർത്ഥമോ ആയ ചുറ്റുപാടുകളിലൂടെ അല്ല പുനർനിർമ്മിക്കേണ്ടതെന്നു നോവലിസ്റ്റ് അസന്ദിഗ്ദ്ധമായി രേഖപ്പെടുത്തുന്നു.

## 2.11. ആത്മീയത

പരിസ്ഥിതിയേയും വികസനത്തേയും വിപരീതങ്ങളായി വീക്ഷിക്കുന്നതാണ് പരിസ്ഥിതി ചിന്ത എന്നത് തെറ്റിദ്ധാരണയാണ്. പരിസ്ഥിതി സംരക്ഷണത്തോടുകൂടിയ വികസനം പുരോ

ഗതിക്ക് അത്യന്താപേക്ഷിതമാണ്. ഉപഭോഗ സംസ്ക്കാരത്തിലധിഷ്ഠിതമായ വികസന മാതൃകകളെയാണ് ഉപേക്ഷിക്കേണ്ടത്. ഇങ്ങനെ ഉപേക്ഷിക്കുന്നവയ്ക്കു പകരം, ഉയർന്ന ശാസ്ത്ര സാങ്കേതിക വിദ്യകൾ ഉൾക്കൊള്ളുന്നതും അതിനോടൊപ്പം അടിസ്ഥാനപരമായ ആത്മീയതയിൽ അടിയുറച്ചതുമായ വികസനങ്ങൾ വിഭാവന ചെയ്യണം. പരിസ്ഥിതി ചിന്തകളിൽ ആത്മീയതയ്ക്കുള്ള സ്ഥാനത്തെ വൽസലയുടെ നോവലുകളിൽ നിജപ്പെടുത്തുന്നുണ്ട്.

കൃഷിശാസ്ത്രത്തിൽ ബിരുദമെടുത്തിട്ടും, അനുഭവജ്ഞാനമുള്ള അച്ഛൻ കൃഷ്ണൻ നമ്പീശൻ, അനന്തൻ മാസ്റ്റർ, സത്യനാരായണൻ, അപ്പു എന്നിവരുമായെല്ലാം സംവദിച്ചിട്ടും, ഉത്തരം ലഭിക്കാത്ത ഒട്ടേറെ ചോദ്യങ്ങളുമായി 'കൂമൻകൊല്ലി'യിലെ മുരളി പോകുന്നത് കാരണവരുടെ സമീപത്തേയ്ക്കാണ്. വനത്തിന്റെ നിഗൂഢതയിൽ പർണ്ണാശ്രമം കെട്ടി ലൗകിക ബന്ധങ്ങളിൽ നിന്നെല്ലാം അകന്ന് പഴയ താളിയോലകളുടേയും ഗ്രന്ഥങ്ങളുടേയും നിക്ഷേപങ്ങൾക്കു നടുവിൽ കഴിയുന്ന വല്യമ്മാവന് ആ പരിസരങ്ങൾ ഒരു ആത്മീയ ഗൗരവം പ്രദാനം ചെയ്യുന്നുണ്ട്. അച്ഛനെ ഏല്പിക്കാൻ പറഞ്ഞുകൊണ്ട് അദ്ദേഹം മുരളിക്കു കതിർക്കനമുള്ള, മായം കലരാത്ത, കാട്ടുനെല്ലിന്റെ വിത്തുകൾ നൽകുന്നു. വല്യമ്മാവൻ നൽകിയ ഈ വിത്തുകളുമായി തിരിച്ചുവരുന്ന, കൃഷിശാസ്ത്രത്തിൽ ബിരുദമെടുത്ത മുരളിയിലൂടെ ആത്മീയതയുടേയും ശാസ്ത്രീയതയുടേയും സംശ്ലേഷണം സാധ്യമാക്കിയിരിക്കുന്നു. പ്രവചനത്തിന്റെ ശക്തിയിൽ വല്യമ്മാവൻ അവസാനം പറയുന്ന വാക്കുകൾ മണ്ണിനെ അറിയുന്നവൻ കൃഷി ചെയ്തോളും. മറ്റുള്ളവർ രക്ഷപ്പെടുകയാണ് നല്ലത് എന്നാണ് പ്രകൃതിയെ അറിയുക എന്നതാണ് പരിസ്ഥിതി ദർശനത്തിന്റെ അടിസ്ഥാനതത്ത്വമെന്നു ഈ വാക്കുകൾ സംവദിക്കുന്നു.

പ്രകൃതിയെ ആത്മീയമായി അറിയാൻ ശ്രമിക്കുന്ന കഥാപാത്രങ്ങളാണ് രാഘവൻ നായരും, കൃഷ്ണൻ നമ്പീശനും. ജീവിതം നീണ്ടുനിൽക്കുന്ന യാത്രയായിരുന്ന രാഘവൻ നായരെ തിരുനെല്ലിയിൽ ബന്ധിപ്പിച്ചു നിർത്തുന്നത് അവിടുത്തെ മണ്ണാണ്. കാര്യസ്ഥപ്പണി ഏറ്റെടുത്ത ആദ്യകാലങ്ങളിൽ രാഘവൻ നായർക്കു മണ്ണും ജലവും മെരുക്കിയെടുക്കേണ്ട, ഉപയോഗിത പൂർണ്ണമായി പ്രയോജനപ്പെടുത്തേണ്ട വസ്തുക്കളാണ്. മേലാളനെ സംശയത്തോടെ മാത്രം നോക്കുന്ന കീഴാളനും കീഴാളനെ മനുഷ്യനായി പോലും കാണാൻ തയ്യാ

റില്ലാത്ത മേലാളനുമിടയിൽ ന്യായത്തിന്റേയും സ്നേഹത്തിന്റേയും ചില പാലങ്ങൾ നിർമ്മിക്കുവാൻ രാഘവൻ നായർ പിന്നീട് ശ്രമിക്കുന്നുണ്ട്. ഇതിനനുസരിച്ച് പ്രകൃതിയോടുള്ള അദ്ദേഹത്തിന്റെ മനോഭാവത്തിലും മാറ്റങ്ങൾ വരുന്നു. കറുത്ത വളക്കൂറുള്ള മണ്ണിനെ അപഹരിച്ചു കൊണ്ടുപോകുന്ന ബാവലിയെ 'ഇങ്ങനെ വിട്ടാൽ പറ്റില്ല'[56] എന്നു ചിന്തിക്കുന്ന, മണ്ണിനെ 'മെരുക്കിയെടുക്കാൻ'[57] തുനിഞ്ഞിറങ്ങിയിരുന്ന രാഘവൻ നായർ ബലാൽ കീഴടക്കേണ്ട ഒന്നല്ല പ്രകൃതി എന്ന തിരിച്ചറിവിലെത്തുന്നു. തുടർന്ന് രാഘവൻ നായർക്ക് നാരകക്കൃഷി ലാഭം തരുന്ന ഏർപ്പാടല്ല; നാരകങ്ങളെ സംരക്ഷിക്കലാണ്. അഹങ്കാരിയെന്ന് വിളിച്ചിരുന്ന മണ്ണിനെ അദ്ദേഹം പിന്നീട്, കൊടുക്കാൻ മാത്രം ശീലിച്ച തന്റെ അമ്മയോടാണ്[58] ഉപമിക്കുന്നത്. അവസാനഘട്ടത്തിൽ കാട്ടിൽ നിന്നു കിട്ടിയതു കാടിനു എന്ന്, താൻ സ്വന്തമാക്കിയ മണ്ണിനെക്കുറിച്ച് നിസ്സംഗമായി ചിന്തിക്കാനും[59] രാഘവൻ നായർക്കു കഴിയുന്നു. ഇങ്ങനെ നിരീക്ഷിക്കുമ്പോൾ വീരത്തിൽ തുടങ്ങി ശാന്തവും കടന്ന് ശമനത്തിന്റെ അലൗകിക തലത്തിൽ എത്തി നിൽക്കുന്നതാണ് രാഘവൻ നായരുടെ പരിസ്ഥിതി വീക്ഷണം എന്നു പറയാം.

ഒരു നിയോഗം പോലെ വിത്തു തൈകൾ മുളപ്പിക്കുന്ന കൃഷ്ണൻ നമ്പീശന് തന്റെ കർമ്മം നീണ്ടുനിൽക്കുന്ന ധ്യാനമാണ്. നൈസർഗ്ഗികതയും സ്വകാര്യതയും നഷ്ടപ്പെട്ട് എരിഞ്ഞുകൊണ്ടിരിക്കുന്ന വനത്തിന്റേയും, വറ്റിവരണ്ട നീർച്ചോലകളുടേയും, ആവാസം നഷ്ടപ്പെട്ട് കരയുന്ന കിളികളുടേയും നടുവിൽ നിന്നു കഴുത്തുലഞ്ഞ് വീണു കിടന്നിരുന്ന മൂന്നു വൃക്ഷത്തൈകളെ ആർദ്രതയോടെ പൊക്കിയെടുക്കുന്നിടത്തു[60] നിന്നാണ് കൃഷ്ണൻ നമ്പീശൻ തന്റെ ഈ തപസ്യ ആരംഭിക്കുന്നത്. ജ്ഞാനികൾക്കു ചില ജാഗ്രത് നിമിഷങ്ങളിൽ സംഭവിക്കുന്ന അന്തർജ്ഞാന ലഭ്യതയ്ക്കു തുല്യമായ ആത്മഗൗരവത്തിലാണ് ഈ രംഗം നോവലിൽ ആഖ്യാനം ചെയ്യുന്നത്. കാപാലികർ കാടെല്ലാം വെളുപ്പിക്കുന്നതിനു മുൻപ് താൻ പാവുന്ന വിത്തുകൾ മുളച്ചുയരുമെന്നു നമ്പീശൻ പ്രതീക്ഷിക്കുന്നു. വിത്തും തയ്യും തേടിവരുന്നവരോട് കണക്കു പറയാത്ത നമ്പീശൻ ചെയ്യുന്ന ഈ പ്രവൃത്തി തൊഴിലല്ല. വേതനം ലഭ്യമാകുന്നതാണ് തൊഴിൽ. ജനിക്കാനിരിക്കുന്ന ഒരു തലമുറയ്ക്കു വേണ്ടി നശിച്ചുകൊണ്ടിരിക്കുന്ന വനസ്ഥലിയുടെ പുനരുജ്ജീവനത്തിനു വേണ്ടി, നടത്തുന്ന ഒരു യജ്ഞമാണ് നമ്പീശനു തന്റെ കർമ്മം.

## 2.12. പരിസ്ഥിതി ശാസ്ത്രത്തിന്റെ ബഹുസ്വരതകൾ

*"വർഗ്ഗം, വർണ്ണം, ലിംഗപദവി മുതലായ മർദ്ദനത്തിന്റെ വിവിധ രൂപങ്ങളെ അവഗണിച്ചുകൊണ്ടുള്ള പരിസ്ഥിതി വാദത്തിനു പ്രസക്തിയില്ല"*[61]

എന്നു ഗോട്ട്ലിബ് അഭിപ്രായപ്പെടുന്നു. പരിസ്ഥിതി വാദത്തിന് ഇതര സാമൂഹ്യശാസ്ത്ര വാദങ്ങളുമായി ഉണ്ടായിരിക്കേണ്ട പാരസ്പര്യത്തെയാണ് ഈ ഉദ്ധരണി സൂചിപ്പിക്കുന്നത്. പരിസ്ഥിതി ശാസ്ത്രത്തിനു സാധ്യമാകുന്ന ഈ ബഹുസ്വരത നോവലിസ്റ്റ് വ്യക്തമാക്കുന്നുണ്ട്.

താഴ്വരയിലുള്ളവരുടെ കടന്നു കയറ്റത്തിൽ നഷ്ടം സംഭവിക്കുന്നത് ആദിവാസികൾക്കാണ്. 'കൂമൻകൊല്ലി'യുടെ പ്രാരംഭത്തിൽ ഈ കടന്നുകയറ്റത്തിന്റെ ചരിത്രം നോവലിസ്റ്റ് വിശദീകരിക്കുന്നുണ്ട്. പരിസ്ഥിതി നാശങ്ങൾ വിവരിക്കുന്ന അതേ പ്രാധാന്യത്തോടെയാണ്, അതുകൊണ്ട് സംഭവിച്ച ആദിവാസികളുടെ നഷ്ടങ്ങളേയും രേഖപ്പെടുത്തുന്നത്. അങ്ങനെ പരിസ്ഥിതി പരാമർശങ്ങൾ ആദിവാസി സംരക്ഷണവുമായി ബന്ധപ്പെടുന്നു.

ഈ പ്രശ്നങ്ങളെ ആദിവാസി ചൂഷണങ്ങൾ എന്നു മാത്രമായി പരിമിതപ്പെടുത്താനാകില്ല. വിസ്തൃതമായ ഒരു വീക്ഷണത്തിൽ വനനശീകരണവും മറ്റും, തൊഴിലിടങ്ങളും തൊഴിലവസരങ്ങളും നഷ്ടപ്പെടുത്തുന്ന സാമൂഹ്യ അനീതിയായി മാറുന്നു. ഈ രീതിയിൽ പരിസ്ഥിതി പ്രശ്നം സാമൂഹ്യ രാഷ്ട്രീയ പ്രശ്നമായി മാറുന്നു.

പരിസ്ഥിതിവാദവും സ്ത്രീവാദവും പരസ്പര പൂരകങ്ങളാണെന്നു പറയാം. പരിസ്ഥിതി നാശത്തിൽ കൂടുതൽ വ്യാകുലരാകുന്നതു ചിന്നമ്മു ബ്രാഹ്മണി അമ്മയെപ്പോലെ സ്ത്രീകളാണ്. പ്രകൃതി നാശത്തിന്റെ ദുരന്തഫലങ്ങളും പുരുഷനേക്കാൾ സ്ത്രീയാണ് അനുഭവിക്കുന്നത്. മഴയില്ലാത്ത, ഫലമൂലാദികളില്ലാത്ത വറുതിയുടെ ദിനങ്ങളിൽ വിശപ്പടക്കാൻ ചപ്പും, ദാഹമകറ്റാൻ കുടിവെള്ളവും തേടി കൂടുതൽ ദൂരങ്ങൾ സഞ്ചരിക്കേണ്ടി വരുന്നതു സ്ത്രീകൾക്കാണ്. ലോകവ്യാപകമായി നടക്കുന്ന പരിസ്ഥിതി പ്രക്ഷോഭങ്ങളിൽ കൂടുതലും, ജലവുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. കുത്തക കമ്പനികൾ നടത്തുന്ന ജലമോഷണത്തിനും ജലമലിനീകരണത്തിനും എതിരായുള്ള സമരങ്ങളിൽ മുൻ നിരയിലുള്ളത് തദ്ദേശീയരായ

സ്ത്രീകളാണ്. തന്റെ വീട്ടിലെ കിണറിലെ ജലം അശുദ്ധമാകാതിരിക്കാൻ കാവൽ നിൽക്കുന്ന ആര്യക്കോട്ടമ്മ എന്ന കഥാപാത്ര സൃഷ്ടിയിലൂടെ ജലത്തെക്കുറിച്ച്, ജലത്തിന്റെ ശുദ്ധിയെ ക്കുറിച്ച് സ്ത്രീകൾക്കുള്ള ആകാംക്ഷ നോവലിസ്റ്റ് ദീർഘദർശനം ചെയ്തിരിക്കുന്നു.

പി. വത്സലയുടെ നോവലുകളിൽ ചർച്ച ചെയ്യപ്പെടുന്ന പരിസ്ഥിതിവാദം ആദിവാസി, സ്ത്രീ, സാമൂഹ്യ പ്രശ്നങ്ങളുമായി ചേർന്നുപോകുന്നു.

## 2.13. ഭാഷ

പ്രകൃതിയെ ഉൾക്കൊള്ളാനും ചിത്രീകരിക്കാനും ഭാഷ പലപ്പോഴും അപര്യാപ്തമാകും എന്നു ചോംസ്ക്കി[62] ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എങ്കിലും പാരിസ്ഥിതിക സാഹിത്യം നിശ്ചയ മായും ബാഹ്യപ്രകൃതി, അതിന്റെ സാമൂഹ്യ മാതൃകകൾ, മനസ്സ്- എല്ലാം ഉൾക്കൊള്ളണം. സാഹിത്യ ഭാഷയെ കുറിച്ച് വെൻഡൻ ബെറി സാമാന്യമായി പറഞ്ഞ വസ്തുത ഈ വിഷ യത്തിൽ പ്രത്യേകം ശ്രദ്ധേയമാണ്.

> *"ബാഹ്യലോകത്തോട് പ്രതികരിക്കുകയും അതിനെക്കുറിച്ചുള്ള ശ്രദ്ധ യോടെ ജാഗരൂകമായിരിക്കുകയും ചെയ്യുന്ന ഭാഷയുണ്ടെങ്കിലേ ലോകത്തേയും നമ്മളേയും മൂല്യങ്ങളേയും രക്ഷിക്കാനാകൂ".*[63]

ഇതനുസരിച്ച് ഒരു പാരിസ്ഥിതിക സാഹിത്യകൃതി പരിസ്ഥിതി പ്രശ്നങ്ങളോട് പ്രതിക രിക്കുകയും അതിനെതിരെ ജാഗരൂകരാകുവാൻ സമൂഹത്തെ സജ്ജമാക്കുകയും വേണം. ഈ ധർമ്മം വത്സലയുടെ നോവലുകൾ സാധിക്കുന്നുണ്ടെന്ന് അപഗ്രഥിച്ചു കഴിഞ്ഞിരിക്കുന്നു.

പാരിസ്ഥിതിക സാഹിത്യത്തിന്റെ ധർമ്മം പൂർണ്ണമാകണമെങ്കിൽ പ്രകൃതിയെ അറിയുന്ന ജൈവികത സ്പന്ദിക്കുന്ന ഒരു ഭാഷ ആ കൃതിക്കു ആവശ്യമാണ്.

> *"മധുരക്കിഴങ്ങ് മുകുളങ്ങൾ വിടർന്ന് കുരുന്നിലകൾ വെയിൽ കായുന്നു..."*[64]
>
> *"പൊടുന്നനെ ഒരു കരച്ചിൽ ഒരു മനുഷ്യന്റെ ആർത്തനാദമോ, കരയാന റിഞ്ഞു കൂടാത്ത കാടിന്റെ വിങ്ങിപ്പൊട്ടലോ...."*[65]
>
> *"ഇവിടെ നെഞ്ചത്ത് മരണക്കുറി ചാർത്തി നിൽക്കുന്ന കൂറ്റൻ വൃക്ഷങ്ങൾ*

*രക്തസാക്ഷിത്വം വരിക്കാൻ നിൽക്കുന്ന മഹത്തുക്കളാണെന്നു തോന്നി..."*[66]

നോവലിസ്റ്റ് ഉപയോഗിച്ചിരിക്കുന്ന ഭാഷയുടെ ജൈവികതയെ ഈ മാതൃകകൾ സാക്ഷ്യപ്പെടുത്തുന്നു.

> *"പരിസ്ഥിതി വാദത്തിന്റെ ഭാഷ പ്രതിരോധത്തിന്റെ ഭാഷയാണ്. ചെറുത്തുനിൽപ്പിന്റെ ഭാഷയാണ്. ഗൃഹാതുരത്വത്തിന്റെ ലോല വികാരവും മൃദുല ഭാഷണവുമല്ല അഭികാമ്യം"*[67]

എന്ന് ഒരു ലേഖകൻ അഭിപ്രായപ്പെടുന്നുണ്ട്. പരിസ്ഥിതിവാദ പ്രഖ്യാപനത്തിനു വേണ്ടി രചിച്ചതല്ലാത്തതുകൊണ്ടാകാം, പരിസ്ഥിതി പരാമർശങ്ങളിലും പി. വത്സലയുടെ നോവലുകളിലെ ഭാഷ പ്രതിരോധ ശബ്ദങ്ങളുടെ മേഖലയിലേക്കു രൂപപ്പെടുന്നില്ല. സ്ത്രീവാദവും ആദിവാസി സംരക്ഷണവുമെല്ലാമായി ബന്ധപ്പെടുന്നതുകൊണ്ട് ഈ വിഭാഗങ്ങളുടെ നിസ്സഹായതകളുടെ പ്രത്യക്ഷീകരണങ്ങൾ കൂടിയാണ് നോവലുകളിലെ ഭാഷ. പരിസ്ഥിതി ദർശനങ്ങളുടെ ജീവനാഡിയായ പാരസ്പര്യത്തിന്റെ പ്രസാദാത്മകതയും, പരിസ്ഥിതി നശീകരണത്തിൽ പ്രാന്തവൽക്കരിക്കപ്പെടുന്ന ഗണങ്ങളോടുള്ള ആർദ്രതയും കലർന്ന ഭാഷാരീതിയാണ് പി. വത്സലയുടേത്. നിസ്സഹായരായ പ്രകൃതിയുടേയും സ്ത്രീയുടേയും ആദിവാസിയുടേയും പീഡിതാവസ്ഥകൾ വത്സലയുടെ ഭാഷയിൽ സന്ധിക്കുന്നു.

## 2.14. വത്സലയുടെ നോവലുകളിലെ പരിസ്ഥിതി ദർശനങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

1. നോവലിസ്റ്റിന്റെ പരിസ്ഥിതി ചിന്തകളിൽ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തുന്നത് പൗരസ്ത്യദർശനങ്ങളാണ്.
2. പരിസ്ഥിതി നാശത്തിന്റെ കാരണങ്ങളായി ഉപഭോഗസംസ്കൃതിയേയും മുതലാളിത്ത സംസ്ക്കാരത്തേയും കാണുന്നു.
3. ബഹുസ്വരതയാർന്ന പരിസ്ഥിതി വീക്ഷണമാണുള്ളത്. സ്ത്രീവാദവും, ആദിവാസി സംരക്ഷണവും മാർക്സിയൻ തത്വശാസ്ത്രങ്ങളും പരിസ്ഥിതി വീക്ഷണത്തിനു

ദിശാബോധം നൽകുന്നു.

4. പ്രശ്നപരിഹാരമായി പ്രകൃതിയിലേയ്ക്കുള്ള തിരിച്ചുപോക്ക് നിർദ്ദേശിക്കുന്നില്ല.
5. ഉപഭോഗസംസ്കൃതിക്കു പകരം ആത്മീയ സംസ്കൃതിയുടെ സ്ഥാപനം നിർദ്ദേശിക്കുന്നു.
6. പ്രതിരോധത്തേക്കാൾ സഹനത്തിന്റെ ഭാഷ സ്വീകരിച്ചിരിക്കുന്നു.
7. ഉപയോഗിതയിൽ മാത്രം ഊന്നാത്ത പരിസ്ഥിതി വീക്ഷണമാണ് നോവലിസ്റ്റ് മുന്നോട്ടുവയ്ക്കുന്നത്.
8. ചരാചരങ്ങളോടു പുലർത്തേണ്ട സഹത്ഭാവത്തിൽ ഊന്നുന്നു.

## കുറിപ്പുകൾ

1. കെ.ദാമോദരൻ, ***ഇന്ത്യയുടെ ആത്മാവ്,*** പ്രഭാത്, തിരുവനന്തപുരം, 2001, പു. 38.
2. "യതോ വാ ഇമാനി ഭൂതാനി ജായന്തേ

   യേന ജാതാനി ജീവന്തി

   യത് പ്രയന്ത്യഭിസംവിശന്തി

   തത്വിജ്ഞാതസ്വ തത് ബ്രഹ്മേതി"

   ***തൈത്തിരിയോപനിഷത്.*** 3.1.1.

   Swami Gambirananda, (Tran.): ***Eight Upanisads, Vol-1***, Advaida Ashrama, Calcutta, 2000, P. 391.
3. "ഇന്ദ്രീയേഭ്യഃ പരം മനോ മനസഃ സത്ത്വമുത്തമം

   സത്ത്വാദധി മഹാനാത്മാ മഹതോ *f* വ്യക്തമുത്തമം"

   ***കഠോപനിഷത്*** 2.3.7.

   Swami Gambirananda, (Tran.): ***Eight Upanisads, Vol-I***, Adavaida Ashrama, Calcutta, 2000, P. 220.
4. ത്രൈലോക്യാനന്ദസ്വാമി, (വിവ.): ***വിവേകാനന്ദ സാഹിത്യ സർവ്വസ്വം,*** ശ്രീരാമകൃഷ്ണാശ്രമം, പുറനാട്ടുകര, 1963, ഭാ. 4, പു. 63-65.
5. ***യജുർവേദം,*** 36:18.
6. ***ബൃഹദാരണ്യകോപനിഷത്ത്*** 2.5.1-14.
7. "യസ്തു സർവ്വാണി ഭൂതാന്യത്മന്യേ വാനുപശ്യതി

   സർവ്വഭൂതേഷു ചാത്മാനം തതോ ന വിജുഗുപ്സതേ" ***ഈശോപനിഷത്-6.***

   Swami Gambirananda (Tran.), ***Eight Upanisads, Vol-I***, Advaida Ashrama, Calcutta, 2000, P. 13.
8. ***ബൈബിൾ,*** ലൂക്കോ 28:6:36.

9. ***ബൈബിൾ,*** ലേവ്യർ 28:23.

10. ***ഖുറാൻ,*** 55.5.6.7.8

11. Warwick Fox. **The Deep Ecology - Ecofeminism Debate and its Parallels**, Environ mental Ethics, 9, Summer, 1987, P.No. 159-179.

12. Anne Naess. **The Deep Ecological Movement: Some Philosophical Aspects,** Philo sophical Enquiry 8, 1986, P.No: 10-31.

13. മധുസൂദനൻ ജി, **വിമർശനത്തിലെ ഹരിതവൈവിധ്യം,** ***ഹരിതനിരൂപണം മലയാളത്തിൽ,*** കറന്റ്, തൃശ്ശൂർ, 2002, പു. 13.

14. പി.വത്സല, ***കൂമൻകൊല്ലി,*** ഡിസി, കോട്ടയം, 2000, പു. 158.

15. പി.വത്സല, ***റോസ്മേരിയുടെ ആകാശങ്ങൾ,*** ഡിസി, കോട്ടയം, 2000, പു. 71.

16. പി.വത്സല, ***നെല്ല്,*** ഡിസി, കോട്ടയം, 2004, പു. 73.

17. അ. ഗ്ര., പു. 27

18. അ. ഗ്ര., പു. 249.

19. അ. ഗ്ര., പു. 56.

20. പി.വത്സല, ***കൂമൻകൊല്ലി,*** ഡിസി, കോട്ടയം, 2000, പു. 75.

21. പി.വത്സല, ***നെല്ല്,*** ഡിസി, കോട്ടയം, 2004, പു. 80.

22. അ. ഗ്ര., പു. 227.

23. അ. ഗ്ര., പു. 236.

24. അ. ഗ്ര., പു. 19, പി.വത്സല, ***കൂമൻകൊല്ലി,*** ഡിസി, കോട്ടയം, 2000, പു. 111.

25. പി.വത്സല, ***നിഴലുറങ്ങുന്ന വഴികൾ,*** എൻ.ബി.എസ്സ്, കോട്ടയം, 1975, പു. 129.

26. പി.വത്സല, ***അരക്കില്ലം,*** സാ. പ്ര. സ. സം. കോട്ടയം, 1977, പു. 84.

27. പി.വത്സല, ***നെല്ല്,*** ഡിസി, കോട്ടയം, 2004, പു. 93.

28. പി.വത്സല, ***കൂമൻകൊല്ലി,*** ഡിസി, കോട്ടയം, 2000, പു. 77.

29. പി.വത്സല, ***ആരും മരിക്കുന്നില്ല,*** കറന്റ്, തൃശ്ശൂർ, 1987, പു. 44.

30. പി.വത്സല, ***നെല്ല്,*** ഡിസി, കോട്ടയം, 2000, പു. 156.

31. പി.വത്സല, ***കൂമൻകൊല്ലി,*** ഡിസി, കോട്ടയം, 2000. പു. 16.

32. അഭിമുഖം: പി.വത്സല, അനുബന്ധം I.

33. "വിദ്യാ വിനയ സമ്പന്നേ ബ്രാഹ്മണേ ഗവി ഹസ്തിനി

ശുനിശ്ചൈവശ്വ പാകേ ച പണ്ഡിതാ: സമദർശിന": ***ഭഗവദ്ഗീത*** 5. 18.

34. പി.വത്സല, ***കൂമൻകൊല്ലി,*** ഡിസി, കോട്ടയം, 2000, പു. 28.

35. അ. ഗ്ര., പു. 25.

36. അ. ഗ്ര., പു. 105.

37. പി.വത്സല, ***ഗൗതമൻ,*** മലയാളം പബ്ലിക്കേഷൻസ്, കോഴിക്കോട്, 1986, പു. 131.

38. ആഷാ മേനോൻ, **സാകല്യത്തിന്റെ പ്രസക്തി,** സാഹിത്യലോകം, 1995 സെപ്തംബർ

– ഒക്ടോബർ, പു: 20, ല. 5, പു. 65.

39. "യോഹിംസകാനിഭൂതാനി ഹിനസ്ത്യാത്മസുഖേഛയാ

സജീവംശ്ച മൃതശ്ചൈവ നക്വചിൽ സുഖമേധതേ" - മനുസ്മൃതി 5.45.

40. "സുഖകാമാനി ഭൂതാനി യോ ദണ്ഡേന വിഹിംസതി

ആത്മനഃ സുഖമിച്ഛൻ പ്രേത്യ സ ന ലഭതേ സുഖം"

***ധർമ്മപദം*** ദണ്ഡവർഗ്ഗഃ ദശമ: 131.

തോലപ്പുറത്ത് നാരായണനമ്പി (വിവ.): ***ധർമ്മപദം,*** തേലപ്പുറം ജ്ഞാനഭവൻ,

കോഴിക്കോട്, 1979, പു. 49.

41. G.A. Natesan, ***Speeches and writings of Mahatma Gandhi,*** Madras, 1935, P. 384.

42. "സ്വന്തമുദരം ഭരിക്കുവാനവശ്യ

മെന്തതത്രേ തനിക്കുളതാകും മുതൽ

എന്നതിലേറെദ്ധനം തനിക്കുള്ളതാ-

യുന്നുവോൻ ചോരനും ദണ്ഡ്യനുമാം നൃപാ"

***ശ്രീമദ്ഭാഗവതം*** 7-14-8.

വൈശ്രവണത്ത് രാമൻ നമ്പൂതിരി (വ്യാ.): ***ശ്രീമദ്ഭാഗവതം,*** ശ്രീഗുരുവായൂരപ്പൻ

സങ്കീർത്തനട്രസ്റ്റ്, ഗുരുവായൂർ, 1983, പു. 1423.

43. പി.വത്സല, ***നെല്ല്,*** ഡിസി, കോട്ടയം, 2004. പു. 79.

44. "യത്തേ ഭൂമേ വിഖനാമി

ക്ഷിപ്രം തദപി രോഹതു

മാ തേ മർമ്മ വിമൃഗ്വരി

മാ തേ ഹൃദയമർപ്പിപം"

ഭൂമിസൂക്തം, ***അഥർവ്വവേദം,*** 12-ാം കാണ്ഡം, 1-ാം അനുവാകം, 1-ാം സൂക്തം.

45. പി.വത്സല, ***നെല്ല്,*** ഡിസി, കോട്ടയം, 2004, പു. 98.

46. പി.വത്സല, ***കൂമൻകൊല്ലി,*** ഡിസി, കോട്ടയം, 2000, പു. 19.

47. അ. ഗ്ര., പു. 158, 159.

48. അ. ഗ്ര., പു. 111.

49. പി.വത്സല, ***ആരും മരിക്കുന്നില്ല,*** കറന്റ്, തൃശ്ശൂർ, 1987, പു. 87.

50. പി.വത്സല, ***റോസ്മേരിയുടെ ആകാശങ്ങൾ,*** ഡിസി, കോട്ടയം, 2000, പു. 6.

51. പി.വത്സല, ***കൂമൻകൊല്ലി,*** ഡിസി, കോട്ടയം, 2000, പു. 159.

52. പ്രദീപ് പി, **പരിസ്ഥിതിയും കമ്മ്യൂണിസവും,** കലാകൗമുദി; 1990, ആഗസ്റ്റ് 12.

53. അ. ലേ.

54. എം.ജി.എസ്. നാരായണൻ, **മാറുന്ന മനുഷ്യബന്ധങ്ങളെപ്പറ്റി,** സമകാലിക മലയാളം; 1998, ജനുവരി 2, പു: 1, ല. 34, പു. 8-12.

55. പി.വത്സല, ***കൂമൻകൊല്ലി,*** ഡിസി, കോട്ടയം, 2000, പു. 68.

56. പി.വത്സല, ***നെല്ല്,*** ഡിസി, കോട്ടയം, 2004, പു. 93.

57. അ. ഗ്ര., പു. 93.

58. അ. ഗ്ര., പു. 227.

59. അ. ഗ്ര., പു. 337.

60. പി.വത്സല, ***കൂമൻകൊല്ലി,*** ഡിസി, കോട്ടയം, 2000, പു. 33.

61. എൻ.അജയകുമാർ, **വൈലോപ്പിള്ളിയുടെ ലോകങ്ങൾ, *ഹരിതനിരൂപണം മലയാളത്തിൽ,*** (എഡി): ജി.മധുസൂദനൻ, കറന്റ്, തൃശ്ശൂർ, 2002, പു. 173.

62. ജി.മധുസൂദനൻ, ***കഥയും പരിസ്ഥിതിയും,*** കറന്റ്, തൃശ്ശൂർ, 2000, പു. 380.

63. അ. ഗ്ര., പു. 382.

64. പി.വത്സല, ***റോസ്മേരിയുടെ ആകാശങ്ങൾ,*** ഡിസി, കോട്ടയം, 2000, പു. 54.

65. പി.വത്സല, ***കൂമൻകൊല്ലി,*** ഡിസി, കോട്ടയം, 2000, പു. 144.

66. അ. ഗ്ര., പു. 156.

67. വി.സി.ഹാരിസ്, **പരിസ്ഥിതി സൗന്ദര്യദർശനം*, ഹരിതനിരൂപണം മലയാളത്തിൽ,*** (എഡി): ജി.മധുസൂദനൻ, കറന്റ്, തൃശ്ശൂർ, 2002, പു. 89.